2023
JULY
04
TUESDAY
Special Issue-e Paper
E-mail: societytodaynews@gmail.com

# സൊസൈറ്റി ടുഡേ

OJUSET capsules
ഒജസെറ്റ് ക്യാപ്സൂൾ
SINCE 1995




## പുതുക്കിയ ടിസിഎസ് നിരക്കുകൾ ഒക്ടോബർ മുതൽ

**ന്യൂദൽഹി:** ഈ വർഷത്തെ കേന്ദ്രബജറ്റിൽ, ഉദാരവൽക്കരിച്ച പണമയയ്ക്കൽ പദ്ധതിയുടെ (ലിബറലൈസ്ഡ് റെമിറ്റൻസ് സ്കീമിന് എൽആർഎസ്) കീഴിലുള്ള പണമയയ്ക്കലിനും വിദേശ ടൂർ പാക്കേജുകളിലുമുള്ള ടിസിഎസ് (ഉറവിടത്തിൽ നിന്ന് നികുതി പിരിവ്) സംവിധാനത്തിൽ ചില മാറ്റങ്ങൾ പ്രഖ്യാപിച്ചിരുന്നു. ഈ മാറ്റങ്ങൾ ജൂലൈ 1 മുതൽ എന്നായിരുന്നു തീരുമാനം.

എന്നാൽ, കേന്ദ്ര ധനമന്ത്രാലയം കഴിഞ്ഞ 28ന് ഈ മാറ്റങ്ങളെല്ലാം ഒക്ടോബർ ഒന്നിലേക്കു നീട്ടിവച്ചു. പൊതുജനങ്ങൾക്കുള്ള ബുദ്ധിമുട്ടും വിദഗ്ധാഭിപ്രായം മാനിച്ചുമാണിത്. അതിനാൽ, വരുന്ന സെപ്റ്റംബർ 30 വരെ നിലവിലെ ടിസിഎസ് നിരക്കുകൾ തുടരും.

വിദേശനാണയ വിനിമയ ചട്ടം(ഫോറിൻ എക്സ്ചേഞ്ച് മാനേജ്മെന്റ് ആക്ട് ഫെമ) പ്രകാരം ഇന്ത്യയിൽ താമസിക്കുന്ന വ്യക്തിക്ക്, എൽആർഎസ് സ്കീമിന് കീഴിൽ, ഇന്ത്യയ്ക്ക് പുറത്ത് വിദേശനാണ്യ അക്കൗണ്ട് തുടങ്ങുക, വിദേശത്തു സ്വത്ത് വാങ്ങുകയോ നിക്ഷേപം നടത്തുകയോ ചെയ്യുക, സ്വകാര്യ സന്ദർശനം, വിദേശത്തുള്ളവർക്കു സമ്മാനം അല്ലെങ്കിൽ സംഭാവന, ബിസിനസ് യാത്ര, ചികിത്സ, പഠനം, വിദേശത്തു ജോലിക്കു പോകൽ തുടങ്ങിയ അനുവദനീയ ഇടപാടുകൾക്കായി റിസർവ് ബാങ്കിന്റെ അനുമതിയില്ലാതെ ഒരു സാമ്പത്തിക വർഷം രണ്ടര ലക്ഷം(2,50,000) യുഎസ് ഡോളർ വരെ ഇന്ത്യയ്ക്ക് പുറത്തേക്കു പണമായി അയയ്ക്കാൻ അനുവദിക്കുന്നതാണ് ഈ പദ്ധതി. പ്രായപൂർത്തിയാകാത്തവർ ഉൾപ്പെടെയുള്ള വ്യക്തികൾക്കു മാത്രമേ ഈ പദ്ധതി ലഭ്യമാകൂ.

## വാഷിങ്ടൻ ആപ്പിൾ ഇറക്കുമതിയിൽ വർധനയ്ക്കു സാധ്യത

**കൊച്ചി :** വാഷിങ്ടൻ ആപ്പിൾ ഇറക്കുമതിയിൽ വർധനയ്ക്കു സാധ്യത. ഇറക്കുമതി തീരുവ 70 % നിന്ന് 50 % ആയി കുറച്ചതോടെ കേരളം ഉൾപ്പെടെയുള്ള വിപണികളിൽ വാഷിങ്ടൻ ആപ്പിൾ ലഭ്യത വർധിച്ചേക്കാം. നിലവിൽ, അമേരിക്കൻ ആപ്പിൾ കേരളത്തിലേക്കു നേരിട്ട് ഇറക്കുമതി ചെയ്യുന്നതു വിരളമാണ്. മുംബൈ പോലുള്ള മാർക്കറ്റുകളിൽ നിന്നു ചെറിയ തോതിൽ എത്താറുണ്ടെന്നു മാത്രം.

വാഷിങ്ടൻ ആപ്പിൾ പഴം വിപണിയിലെ പ്രീമിയം രുചിയാണ്. തീരുവ കുറയുന്നതോടെ കുറഞ്ഞ വിലയിൽ ലഭ്യമാകുമെന്നതാണ് നേട്ടം. ഭക്ഷ്യസുരക്ഷ, കസ്റ്റംസ് തുടങ്ങിയ ഏജൻസികളുടെ പരിശോധനകളിൽ ഉണ്ടാകുന്ന കാലതാമസം ഭയന്നാണു കേരളത്തിലേക്കു നേരിട്ടുള്ള ഇറക്കുമതിക്കു വാണിജ്യ സമൂഹം മടിക്കുന്നതെന്നാണു വിലയിരുത്തൽ. പരിശോധനയുടെ കാലതാമസത്തെക്കുറിച്ചു കയറ്റുമതി ഇറക്കുമതി വ്യവസായികൾ പലവട്ടം പരാതിപ്പെട്ടിരുന്നു.ഗുണനിലവാരവും ആവശ്യവും അനുസരിച്ചു വിലയിൽ ഏറ്റക്കുറച്ചിൽ ഉണ്ടാകും. വിപണിയിലേക്ക് ഒഴുക്കുണ്ടാകുമെന്ന ആശങ്ക ഹിമാചൽ പ്രദേശ്, കശ്മീർ തുടങ്ങിയ സംസ്ഥാനങ്ങളിലെ ആപ്പിൾ കർഷകർ ഉന്നയിച്ചു കഴിഞ്ഞു. ആപ്പിൾ കർഷകർക്കു തീരുമാനം ദോഷകരമാകില്ലെന്നാണു കേന്ദ്ര സർക്കാരിന്റെ നിലപാട്.



# സംസ്ഥാനത്ത് കനത്ത മഴ; 2 ജില്ലകളിൽ റെഡ് അലർട്ട്

തിരുവനന്തപുരം: 47 വർഷത്തിനിടയിലെ ഏറ്റവും മഴ കുറ!ഞ്ഞ ജൂണിനു ശേഷം ജൂലൈയിൽ കാലവ!ർഷം ശക്തി പ്രാപിച്ചു. ഇന്നലെ രാവിലത്തെ കണക്ക് അനുസരിച്ച് 24 മണിക്കൂറിനിടെ സംസ്ഥാനത്തു 30.37 സെന്റിമീറ്റർ മഴ പെയ്തു. 4 ദിവസം ശക്തമായ മഴ തുടരുമെന്നു കാലാവസ്ഥാ വകുപ്പ് അറിയിച്ചു. ഉയർന്ന തിരമാലയും കടലാക്രമണവും ഉണ്ടാകുമെന്നു ദേശീയ സമുദ്ര സ്ഥിതി പഠന ഗവേഷണ കേന്ദ്രം മുന്നറിയിപ്പു നൽകി. കേരള, കർണാടക, ലക്ഷദ്വീപ് തീരങ്ങളിൽ നിന്നു മീൻപിടിത്തത്തിനു പോകാൻ പാടില്ല.

ഇടുക്കി, കണ്ണൂർ ജില്ലകളിൽ ദേശീയ കാലാവസ്ഥ നിരീക്ഷണ കേന്ദ്രം ഇന്നു റെഡ് അലർട്ട് പ്രഖ്യാപിച്ചു. പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, എറണാകുളം, തൃശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, വയനാട്, കാസർകോട് ജില്ലകളിൽ ഓറഞ്ച് അലർട്ടാണ്.

കനത്ത മഴ മുന്നറിയിപ്പുള്ളതിനാൽ എറണാകുളം, ആലപ്പുഴ ജില്ലയിലെ പ്രഫഷനൽ കോളജുകൾ ഉൾപ്പെടെ എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും കലക്ടർ ഇന്ന് അവധി പ്രഖ്യാപിച്ചു. കേന്ദ്രീയ വിദ്യാലയങ്ങൾ, സ്റ്റേറ്റ് സിബിഎസ്ഇ ഐസിഎസ്ഇ സ്കൂളുകൾ, അങ്കണവാടികൾ ഉൾപ്പെടെ എല്ലാ സ്ഥാപനങ്ങൾക്കും അവധി ബാധകമാണ്. മുൻ നിശ്ചയിച്ച പ്രകാരമുള്ള പിഎസ്‌സി, യൂണിവേഴ്സിറ്റി പരീക്ഷകൾക്കു മാറ്റമില്ല. കാസർകോട് ജില്ലയിലെ കോളജുകൾ ഒഴികെയുള്ള എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും കലക്ടർ ഇന്ന് അവധി പ്രഖ്യാപിച്ചു.



## കെജിഎസ്ഡിഎ സംസ്ഥാന സമ്മേളനം

# സബ്ജെക്ട് എക്സ്പെർട്ട് ഡോക്ടർമാർക്ക് നിയമകാര്യങ്ങളിൽ അവബോധം വേണം: ജസ്റ്റിസ് ബെച്ചു കുര്യൻ തോമസ്



കേരള ഗവൺമെന്റ് സ്പെഷ്യലിസ്റ്റ് ഡോക്ടേഴ്സ് അസ്സോസിയേഷൻ സംസ്ഥാന സമ്മേളനത്തിന്റെ ഭാഗമായി കൊച്ചി ഐ.എം.എ ഹൗസിൽ സംഘടിപ്പിച്ച പൊതുസമ്മേളനം കേരള ഹൈക്കോടതി ജഡ്ജ് ജസ്റ്റീസ് ബെച്ചു കുര്യൻ തോമസ് ഉദ്ഘാടനം ചെയ്യുന്നു.

**കൊച്ചി:** നെഗൽജൻസ് കേസുകളിൽ കമ്മിറ്റിയിൽ ഉള്ള സബ്ജെക്ട് എക്സ്പെർട്ട് ഡോക്ടർമാർക്ക് നിയമകാര്യങ്ങളിൽ അവബോധം വേണമെന്ന് കേരള ഹൈക്കോടതി ജഡ്ജ് ജസ്റ്റിസ് ബെച്ചു കുര്യൻ തോമസ് പറഞ്ഞു. സംസ്ഥാന ആരോഗ്യ വകുപ്പിലെ സ്പെഷ്യലിസ്റ്റ് ഡോക്ടർമാരുടെ സംഘടനയായ കേരള ഗവണ്മെന്റ് സ്പെഷ്യലിസ്റ്റ് ഡോക്ടേഴ്സ് അസോസിയേഷന്റെ (കെജിഎസ്ഡിഎ)ഏഴാം സംസ്ഥാന സമ്മേളനത്തിന്റെ ഭാഗമായി നടന്ന പൊതു സമ്മേളനം കൊച്ചി ഐ.എം. എയിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

നിയമകാര്യങ്ങളിൽ അവബോധം ഉണ്ടായാൽ ക്രിമിനൽ കേസ് എടുക്കേണ്ട നെഗൽജൻസ് ഏതാണെന്നെന്ന് ഡോക്ടർമാർക്ക് തിരിച്ചറിയാൻ സാധിക്കുമെന്നും ജസ്റ്റിസ് ബെച്ചു കുര്യൻ തോമസ് പറഞ്ഞു. ഐഎംഎ മുൻ സംസ്ഥാന പ്രസിഡന്റ് ഡോ എ വി. ജയകൃഷ്ണൻ മുഖ്യപ്രഭാഷണം നടത്തി .ആരോഗ്യവകുപ്പിൽ സ്പെഷ്യലിറ്റി കേഡറിൽ ഡ്യൂട്ടീസ് ആൻഡ് റെസ്പോൺസിബിലിറ്റീസ് എത്രയും പെട്ടെന്ന് നിർവചിക്കണമെന്ന് സംസ്ഥാന പ്രസിഡന്റ് ഡോ ജ്യോതി ഇഗ്നേഷ്യസ് ആവശ്യപ്പെട്ടു. ലഹരിക്കടിമകളായി അത്യാഹിത വിഭാഗത്തിലെത്തുന്നവരെ പരിചരിക്കത്തക്ക ഭൗതിക സാഹചര്യങ്ങൾ ഉൾപ്പെടുത്തി എമർജൻസി വിഭാഗം ശക്തിപ്പെടുത്തണമെന്ന് കെജിഎസ്ഡിഎ സ്ഥാപക പ്രസിഡന്റ് ഡോ എ ബി ജോൺ അഭിപ്രായപ്പെട്ടു. ചടങ്ങിൽ ഡോ ദേവകുമാർ വി.എസ്, ഡോ അരുന്ധതി. ആർ. എന്നിവരെ ഉപഹാരങ്ങൾ നൽകി മുൻ പ്രസിഡന്റ് ഡോ സുഞ്ജിത് രവി ആദരിച്ചു. സംസ്ഥാന പ്രസിഡന്റ് ഡോ ജ്യോതി ഇഗ്നെഷ്യസ് , സെക്രട്ടറി ഡോ. നൗഷാദ് എം എസ്, ഓർഗനൈസിംഗ് ചെയർമാൻ ഡോ സുധീർ ഷെരീഫ്, ഓർഗനൈസിംഗ് സെക്രട്ടറി ഡോ വിവേക് സ്റ്റീഫൻ എന്നിവർ സംസാരിച്ചു.

നെയ്യാറ്റിൻകര ജനറൽ ആശുപത്രിയിലെ സർജറി വിഭാഗം ചീഫ് കൺസൾട്ടന്റ് ഡോ സുരേഷ് ആർ തുടർ വിദ്യാഭ്യാസ പരിപാടി ഉദ്ഘാടനം ചെയ്തു. ഡോ ജോയിസ് വർഗീസ്(ലൂർദ് ഹോസ്പിറ്റൽ കൊച്ചി),ഡോ അനിത തിലകൻ( ഗവ. മെഡിക്കൽ കോളേജ്,തൃശൂർ ), ഡോ ഇസ്മായിൽ സിയാദ്(ആസ്റ്റർ മെഡിസിറ്റി കൊച്ചി )എന്നിവർ ക്ലാസുകൾ നയിച്ചു.

അസോസിയേഷന്റെ പുതിയ പ്രസിഡന്റായി ഡോ ജയചന്ദ്രൻ. ബി (സീനിയർ കൺസൽറ്റന്റ് അനസ്തീഷ്യ,ജില്ലാ ആശുപത്രി, കൊല്ലം),സംസ്ഥാന സെക്രട്ടറിയായി ഡോ സുധീർ ഷെരീഫ് (ജൂനിയർ കൺസൽറ്റന്റ് ഓർത്തോപീഡിക്സ്,ജനറൽ ആശുപത്രി,എറണാകുളം), സംസ്ഥാന ട്രഷറർ ആയി ഡോ അർഷദ് (കള്ളിയത്ത്,കൺസൾട്ടന്റ്,റെസ്പിറേറ്ററി മെഡിസിൻ,ഡിറ്റിസി, ആലപ്പുഴ) എന്നിവരെയും യോഗം തിരഞ്ഞെടുത്തു.



പാവക്കുളം ശ്രീമഹാദേവക്ഷേത്രത്തിലെ പ്രതിഷ്ഠാദിനത്തോടനുബന്ധിച്ചു നടന്ന ശ്രീ മഹാരുദ്ര ജപയജ്ഞത്തിനു സമാപനം കുറിച്ച് കാലടി ശൃംഗേരിമഠം വേദ പാഠശാല പ്രിൻസിപ്പാൾ എച്ച്.ആർ.നരേന്ദ്രഭട്ട് ശാസ്ത്രികളുടെ മുഖ്യ കാർമികത്വത്തിൽ നടന്ന വസോർധാര

## പാവക്കുളത്ത് ശ്രീ മഹാരുദ്ര ജപയജ്ഞം സമാപിച്ചു

**കൊച്ചി :** പാവക്കുളം ശ്രീമഹാദേവക്ഷേത്രത്തിലെ പ്രതിഷ്ഠാദിനത്തോടനുബന്ധിച്ചു നടന്ന ശ്രീ മഹാരുദ്ര ജപയജ്ഞത്തിനു സമാപനം കുറിച്ച് കാലടി ശൃംഗേരിമഠം വേദ പാഠശാല പ്രിൻസിപ്പാൾ എച്ച്.ആർ.നരേന്ദ്രഭട്ട് ശാസ്ത്രികളുടെ മുഖ്യ കാർമികത്വത്തിൽ വസോർധാര നടത്തി.

ക്ഷേത്രം മേൽശാന്തി ബ്രഹ്മശ്രീ ഏഴിക്കോട് കൃഷ്ണദാസ് നമ്പൂതിരി, ക്ഷേത്രം തന്ത്രി ബ്രഹ്മശ്രീ പുലിയന്നൂർ പ്രശാന്ത് നാരായണൻ നമ്പൂതിരിപ്പാട് എന്നിവർ പ്രതിഷ്ഠദിന ചടങ്ങുകൾക്ക് നേതൃത്വം നൽകി. ജൂൺ 23 മുതൽ ഇന്നലെവരെ എച്ച്.ആർ. നരേന്ദ്രഭട്ടിന്റെ നേതൃത്വത്തിൽ പതിനൊന്ന് ഋത്വിക്കുകൾ ആണ് ശ്രീമഹാരുദ്രജപയജ്ഞവും, വസോർധാരയും നടത്തിയത്.

പ്രതിഷ്ഠാദിനത്തോടനുബന്ധിച്ചു വിശേഷാൽ കളഭാഭിഷേകം, ഗണപതിഹോമം എന്നിവ ഉണ്ടായിരുന്നു.

തുടർന്ന് ഉച്ചയ്ക്ക് നടത്തിയ മഹാപ്രസാമൂട്ടിലും നൂറുകണക്കിന് ഭക്തർ പങ്കാളികളായി വൈകിട്ട് വിശേഷാൽ ചുറ്റുവിളക്ക്, നിറമാല, ദീപാരാധന എന്നിവയും നടന്നു.

## ആംബുലൻസുകളിൽ ജി പി എസ് കർശനമാക്കും: മന്ത്രി ആന്റണി രാജു

**തിരുവനന്തപുരം:** റോഡ് സുരക്ഷിതത്വം ഉറപ്പു വരുത്തുന്നതിന്റെ ഭാഗമായി ആബുലൻസുകൾക്ക് ജി പി എസ് ഉൾപ്പെടെയുള്ള നിബന്ധനകൾ ഒക്ടോബർ 1 മുതൽ കർശനമാക്കുമെന്ന് ഗതാഗത വകുപ്പ് മന്ത്രി ആന്റണി രാജു പറഞ്ഞു. ഇൻസൈറ്റ് പദ്ധതിയുടെ ഭാഗമായി ആംബുലൻസ് ഡ്രൈവർമാർക്കായി സംഘടിപ്പിച്ച റോഡ് സുരക്ഷാ പരിശീലന പരിപാടിയുടെ സമാപന സമ്മേളനം തിരുവനന്തപുരം ശ്രീ ചിത്തിരതിരുനാൾ എൻജിനീയറിംഗ് കോളേജിൽ ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു മന്ത്രി.

ആംബുലൻസ് ഡ്രൈവർമാർക്ക് പോലീസ് ക്ലിയറൻസ് സർട്ടിഫിക്കറ്റ്,യൂണിഫോം എന്നീ ആവശ്യങ്ങൾ നടപ്പിലാക്കും. ആംബുലൻസുകൾക്ക് കളർകോഡ് പാലിക്കുന്നതോടൊപ്പം, അനാവശ്യ ലൈറ്റുകളും ഹോണുകളുമുൾപ്പെടെ എക്സ്ട്രാ ഫിറ്റിംഗ് പൂർണമായി ഒഴിവാക്കണം. മൂന്ന് വർഷത്തിലൊരിക്കൽ ഡ്രൈവർമാർക്ക് പരിശീലനം ഉറപ്പാക്കുമെന്നും ആംബുലസിന്റെ ദുരുപയോഗം ഒരിക്കലും അനുവദിക്കില്ലെന്നും മന്ത്രി പറഞ്ഞു.

ബോധവൽക്കരണം, നിയമ അവബോധം എന്നിവയിലൂടെ പുതു യാത്രാസംസ്കാരം രൂപീകരിക്കുന്നതിനുള്ള പരിപാടികളാണ് ഗവൺമെന്റ് സംഘടിപ്പിക്കുന്നത്. സ്കൂൾ കോളേജ് ബസ് ഡ്രൈവർമാർ, കെ എസ് ആർ ടി സി ഡ്രൈവർമാർ എന്നിവർക്ക് നിലവിൽ പരിശീലനം നൽകി വരുന്നു. ഒരിക്കൽ ലൈസൻസ് കിട്ടിയാൽ പരിശീലനമാവശ്യമില്ല എന്ന തോന്നൽ തെറ്റാണ്. റോഡ് നിയമങ്ങൾ, വാഹന നിലവാരം, സാങ്കേതികവിദ്യ എന്നിവ മാറുമ്പോൾ പരിശീലനം അത്യാവശ്യമാണ്. ആർട്ടിഫിഷ്യൽ ഇന്റലിജെൻസ് സഹായത്തോടെ ഡ്രൈവറില്ലാത്ത വാഹനങ്ങൾ പുറത്തിറങ്ങുന്ന കാലമാണ്. ലോകത്തിലുണ്ടാകുന്ന മാറ്റങ്ങളെ ഉൾക്കൊള്ളാൻ ഡ്രൈവർ സമൂഹവും തയാറാകണം.

മോട്ടോർ വാഹന വകുപ്പ് വിവിധ ഏജൻസികളെ കോർത്തിണക്കി കേന്ദ്ര നിയമങ്ങൾ അടിസ്ഥാനമാക്കി വിവിധ പരിശീലനങ്ങൾ സംഘടിപ്പിക്കുകയാണ്. സംസ്ഥാനത്ത് ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ക്യാമറ പ്രവർത്തിക്കാനാരംഭിച്ചതോടെ പ്രതിദിനമുള്ള 4.5 ലക്ഷം നിയമലംഘനങ്ങൾ 2.5 ലക്ഷമായി കുറഞ്ഞു. പിഴ ഈടാക്കാൻ ആരംഭിച്ചതോടെ 70,000 ലേക്ക് കുറഞ്ഞു. 4,000 പേർ പ്രതിവർഷം വാഹന അപകടത്തിൽ മരിക്കുന്ന സംസ്ഥാനമാണ് കേരളം. 58% ഇരുചക്ര വാഹനങ്ങൾ, 24% കാൽനട യാത്രക്കാരൻ എന്ന കണക്കിൽ പ്രതിദിനം 12 പേർ റോഡപകടങ്ങളിൽ മരിക്കുന്ന സാഹചര്യമുണ്ടായിരുന്നു. എന്നാൽ ഇന്ന് പ്രതിദിന ശരാശരി മരണം പരമാവധി മൂന്നായി കുറഞ്ഞു. റോഡപകടങ്ങൾ പൂർണമായി ഇല്ലാതാക്കുകയാണ് ലക്ഷ്യമെന്നും മന്ത്രി പറഞ്ഞു.

കേരള റോഡ് സുരക്ഷാ അതോറിറ്റി ആംബുലൻസ് ഡ്രൈവർമാർക്കായി ഇംഗ്ലീഷിൽ പ്രസിദ്ധികരിച്ച പോസ്റ്റ് ക്രാഷ് മാനേജ്മെന്റ് എന്ന കൈപുസ്തകത്തിന്റെ മലയാള പരിഭാഷ ചടങ്ങിൽ മന്ത്രി പ്രകാശനം ചെയ്തു.

എസ്.സി.ടി കോളേജ് പ്രിൻസിപ്പൽ ഡോ ഷീജ എം കെ അദ്ധ്യക്ഷത വഹിച്ച ചടങ്ങിൽ ഡോ. അരുൺ എം സ്വാഗതമാശംസിച്ചു. അഡീഷണൽ ട്രാൻസ്പോർട്ട് കമ്മീഷണർ പ്രമോജ് ശങ്കർ പി എസ്, നാറ്റ്പാക് ഡയറക്ടർ സാംസൺ മാത്യു, കേരള റോഡ് സേഫ്റ്റി അതോറിറ്റി മുൻ എക്സിക്യൂട്ടീവ് ഡയറക്ടർ ടി ഇളങ്കോവൻ, ഡോ. വി കെ ചിത്രകുമാർ എന്നിവർ സംബന്ധിച്ചു. ഡോ. ശ്രീജിത്ത് ബി ജെ നന്ദി അറിയിച്ചു.

# മാമന്നന്റെ വിജയം; മാരി സെൽവരാജിന് മിനി കൂപ്പർ സമ്മാനമായി നൽകി ഉദയനിധി സ്റ്റാലിൻ



മാമന്നന്റെ വൻ വിജയത്തിന് ശേഷം സംവിധായകൻ മാരിസെൽവരാജിന് ഉദയനിധി മിനി കൂപ്പർ കാർ സമ്മാനമായി നൽകി. റിലീസ് കേന്ദ്രങ്ങളിലെല്ലാം മികച്ച പ്രേക്ഷക നിരൂപക പ്രശംസ നേടിയ ചിത്രത്തിൽ ഉദയനിധി സ്റ്റാലിൻ, വടിവേലു, ഫഹദ് ഫാസിൽ , കീർത്തി സുരേഷ്, തുടങ്ങിയവരാണ് അഭിനയിക്കുന്നത്. എ ആർ റഹ്മാനാണ് ചിത്രത്തിന് സംഗീതം നൽകിയിരിക്കുന്നത്. റെഡ് ജയന്റ് മൂവീസാണ് ചിത്രത്തിന്റെ നിർമ്മാണം. തേനി ഈശ്വർ ഛായാഗ്രഹണം നിർവ്വഹിച്ചിരിക്കുന്നു. ഉദയനിധി സ്റ്റാലിന്റെ ചിത്രം ജൂൺ 29 ന് ബക്രീദ് ദിനത്തിൽ തിയേറ്ററുകളിൽ റിലീസ് ചെയ്തു.തമിഴ്നാട്ടിൽ നിന്ന് മാത്രം ചിത്രം ആദ്യ ദിനം 9 കോടിയിലധികം കളക്ഷൻ നേടിയെന്നാണ് റിപ്പോർട്ട്.

ഈ സാഹചര്യത്തിൽ മാമന്നന്റെ വിജയത്തിന് പിന്നാലെ ചിത്രത്തിന്റെ സംവിധായകൻ ഉദയനിധിക്ക് മിനി കൂപ്പർ കാർ സമ്മാനമായി നൽകിയിരിക്കുകയാണ്. ഉദയനിധി തന്റെ ടിറ്റർ പോസ്റ്റിൽ എല്ലാവരും ഇത് പലതരത്തിലാണ് ചർച്ച ചെയ്യുന്നത്. അവർ തങ്ങളുടെ ചിന്തകളെ കഥയുമായും ഫീൽഡുമായും ബന്ധപ്പെട്ട ആശയങ്ങൾ പങ്കിടുന്നു. ലോകമെമ്പാടുമുള്ള തമിഴർക്കിടയിൽ ഇത് ചൂടേറിയ ചർച്ചാ വിഷയമായി മാറിയിരിക്കുന്നു.അംബേദ്കർ, പെരിയാർ, അണ്ണാ, കലൈനാർ തുടങ്ങിയ നമ്മുടെ നേതാക്കൾ യുവതലമുറയിൽ ആത്മാഭിമാന ബോധവും സാമൂഹിക നീതി ചിന്തകളും വളർത്തിയെടുത്തു.

വൻ വാണിജ്യ വിജയം ചിത്രം സമ്മാനിച്ചതിൽ മാരിസെൽവരാജുവിന് മിനി കൂപ്പർ കാർ സമ്മാനിക്കാൻ സാധിച്ചതിൽ റെഡ് ജയന്റ് സന്തോഷം രേഖപ്പെടുത്തി. മാമന്നന് ലോകം ചുറ്റാൻ ചിറകുകൾ നൽകിയ എന്റെ മാരി സെൽവരാജിന് നന്ദി എന്നാണ് ഉദയനിധി സ്റ്റാലിൻ പറഞ്ഞത്.

കേരളത്തിലും മികച്ച പ്രേക്ഷക പ്രതികരണങ്ങളും ഹൗസ് ഫുൾ ഷോകളുമായി ചിത്രം മുന്നേറുന്നു. റിയാ ഷിബുവിന്റെ എച്ച് ആർ പിക്ചേഴ്സ് ആണ് ചിത്രത്തിന്റെ കേരളത്തിലെ വിതരണക്കാർ. പി ആർ ഓ പ്രതീഷ് ശേഖർ.

## അച്ഛനൊരു വാഴ വെച്ചു




നിരഞ്ജ് രാജു,എ വി അനൂപ്, ആത്മീയ,ശാന്തി കൃഷ്ണ എന്നിവരെ പ്രധാന കഥാപാത്രങ്ങളാക്കി സാന്ദീപ് സംവിധാനം ചെയ്യുന്ന അച്ഛനൊരു വാഴ വെച്ചു എന്ന ചിത്രത്തിന്റെ രണ്ടാമത്തെ പോസ്റ്റർ റിലീസായി.മുകേഷ്,ജോണി ആന്റണി,ധ്യാൻ ശ്രീനിവാസൻ,അപ്പാനി ശരത്,ഭഗത് മാനുവൽ,സോഹൻ സീനുലാൽ,ഫുക്രു,അശ്വിൻ മാത്യു, ലെന,മീര നായർ,ദീപ ജോസഫ്, കുളപ്പുള്ളി ലീല, തുടങ്ങിയ പ്രമുഖ താരങ്ങളും അഭിനയിക്കുന്നു.

ജനപ്രിയ ചിത്രങ്ങളുടെ ജനകീയ ബ്രാൻഡായ എ.വി.എ പ്രൊഡക്ഷൻസിന്റെ ബാനറിൽ ഡോക്ടർ എ വി അനൂപ് നിർമ്മിക്കുന്ന ഇരുപത്തിയഞ്ചാമത്തെ സിനിമയാണ് അച്ഛനൊരു വാഴ വെച്ചു.സാന്ദീപ് ആദ്യമായി സംവിധാനം ചെയ്യുന്ന കളർഫുൾ എന്റർടെയ്നർ ചിത്രമായ അച്ഛനൊരു വാഴ വെച്ചു മലയാളത്തിലെ പ്രമുഖ നിർമ്മാണ വിതരണ കമ്പനിയായ ഇ ഫോർ എന്റർടൈൻമെന്റ് പ്രദർശനത്തിനെത്തിക്കുന്നു.പി സുകുമാർ ഛായാഗ്രഹണം നിർവ്വഹിക്കുന്നു.മനു ഗോപാൽ കഥ തിരക്കഥ സംഭാഷണമെഴുതുന്നു.

കെ ജയകുമാർ,സുഹൈൽ കോയ,മനു മഞ്ജിത്ത്,സിജു തുറവൂർ എന്നിവരുടെ വരികൾക്ക് ബിജിബാൽ സംഗീത സംവിധാനം നിർവഹിക്കുന്നു.എഡിറ്റർവി സാജൻ.പ്രൊഡക്ഷൻ കൺട്രോളർവിജയ് ജി എസ്, പ്രൊഡക്ഷൻ എക്സിക്യൂട്ടീവ്നസീർ കാരന്തൂർ,കലത്യാഗു തവന്നൂർ, മേക്കപ്പ്പ്രദീപ് രംഗൻ, കോസ്റ്റ്യൂംസ്ദിവ്യ ജോബി,സ്റ്റിൽസ് ശ്രീജിത്ത് ചെട്ടിപ്പടി, പോസ്റ്റർ ഡിസൈൻകോളിൻസ് ലിയോഫിൽ, പശ്ചാത്തല സംഗീതംബിജി ബാൽ,ചീഫ് അസോസിയേറ്റ് ഡയറക്ടർ രതീഷ് പാലോട്, അസോസിയേറ്റ് ഡയറക്ടർ പ്രവി നായർ, അസിസ്റ്റന്റ് ഡയറക്ടർ ഹരീഷ് മോഹൻ,അലീഷ,ഷാഫി റഹ്മാൻ,പി ആർ ഒ എ.എസ്.ദിനേശ്.

## വോയിസ് ഓഫ് സത്യനാഥൻ

ദിലീപിനെ കേന്ദ്ര കഥാപാത്രമാക്കി റാഫി തിരക്കഥയുമെഴുതി സംവിധാനം ചെയ്യുന്ന വോയിസ് ഓഫ് സത്യനാഥൻ പുതിയ പോസ്റ്റർ റിലീസായി. ജോജു ജോർജ്, അനുപം ഖേർ, മകരന്ദ് ദേശ്പാണ്ഡെ, അലൻസിയർ ലോപ്പസ്, ജഗപതി ബാബു, ജാഫർ സാദിഖ്,സിദ്ദിഖ്, ജോണി ആന്റണി, രമേഷ് പിഷാരടി, ജനാർദ്ദനൻ, ബോബൻ സാമുവൽ, ബെന്നി പി നായരമ്പലം, ഫൈസൽ, ഉണ്ണിരാജ, വീണാ നന്ദകുമാർ, സ്മിനു സിജോ,അംബിക മോഹൻ അനുശ്രീ കഥാപാത്രങ്ങളെ അവതരിപ്പിക്കുന്നു. ബാദുഷ സിനിമാസിന്റേയും ഗ്രാന്റ് പ്രൊഡക്ഷൻസിന്റേയും ബാനറിൽ എൻ.എം ബാദുഷ, ഷിനോയ് മാത്യു, ദിലീപ്, രാജൻ ചിറയിൽഎന്നിവർ ചിത്രം നിർമ്മിക്കുന്നത്.എക്സിക്യൂട്ടീവ് പ്രൊഡ്യൂസർ മഞ്ജു ബാദുഷ,നീതു ഷിനോജ്, കോ പ്രൊഡ്യൂസർരോഷിത് ലാൽ വി 14 ലവൻ സിനിമാസ്, പ്രിജിൻ ജെ പി,ജിബിൻ ജോസഫ് കളരിക്കപ്പറമ്പിൽ.ഛായാഗ്രഹണംസ്വരുപ് ഫിലിപ്പ്,സംഗീതംഅങ്കിത് മേനോൻ,വസ്ത്രാലങ്കാരംസമീറ സനീഷ്, കല സംവിധാനംഎം ബാവ, പ്രൊഡക്ഷൻ കൺട്രോളർ ഡിക്സൺ പൊടുത്താസ്,മേക്കപ്പ് റോണക്സ് സേവ്യർ, ചീഫ് അസ്സോസിയേറ്റ് സൈലെക്സ് എബ്രഹാം, അസ്സോസിയേറ്റ് ഡയറക്ടർ മുബീൻ എം റാഫി, ഫിനാൻസ് കൺട്രോളർ ഷിജോ ഡൊമനിക്,റോബിൻ അഗസ്റ്റിൻ, സ്റ്റിൽസ്ശാലു പേയാട്, ഡിസൈൻ ടെൻ പോയിന്റ്,പി ആർ ഒഎ എസ് ദിനേശ്.

## കുഞ്ഞമ്മിണീസ് ഹോസ്പിറ്റൽ



ഇന്ദ്രജിത്ത് സുകുമാരൻ, പ്രകാശ് രാജ്, ബാബുരാജ്, നൈല ഉഷ,സരയൂ മോഹൻ എന്നിവരെ പ്രധാന കഥാപാത്രങ്ങളാക്കി നവാഗതനായ സനൽ വി ദേവൻ സംവിധാനം ചെയ്യുന്ന കുഞ്ഞമ്മിണീസ് ഹോസ്പിറ്റൽ എന്ന സിനിമയുടെ രണ്ടാമത്തെ പോസ്റ്റർ റിലീസായി.

ജൂലായ് അവസാനം തിയ്യേറ്ററിലെത്തുന്ന ഈ ചിത്രത്തിൽ ഹരിശ്രീ അശോകൻ, ബിനു പപ്പു, ബിജു സോപാനം, ജെയിംസ് ഏലിയാ, സുധീർ പറവൂർ, ശരത്, പ്രശാന്ത് അലക്സാണ്ടർ, ഉണ്ണി രാജാ, അൽത്താഫ് മനാഫ്, ഗംഗ മീര, മല്ലിക സുകുമാരൻ തുടങ്ങിയവരാണ് മറ്റു പ്രമുഖ താരങ്ങൾ.

പ്രിയൻ ഓട്ടത്തിലാണ് എന്ന സൂപ്പർ ഹിറ്റ് ചിത്രത്തിനു ശേഷം വൗ സിനിമാസിന്റെ ബാനറിൽ സന്തോഷ് ത്രിവിക്രമൻ നിർമ്മിക്കുന്ന ഈ ഫാന്റസി കോമഡി ചിത്രത്തിന്റെ ഛായാഗ്രഹണം അജയ് ഡേവിഡ് കാച്ചപ്പിള്ളി നിർവ്വഹിക്കുന്നു.അഭയകുമാർ കെ, അനിൽ കുര്യൻ എന്നിവർ ചേർന്ന് കഥ തിരക്കഥ സംഭാഷണമെഴുതുന്നു.ബി കെ ഹരിനാരായണൻ,സന്തോഷ് വർമ്മ, വിനായക് ശശികുമാർ എന്നിവർ എഴുതിയ വരികൾക്ക് രഞ്ജിൻ രാജ് സംഗീതം പകരുന്നു. ലൈൻ പ്രൊഡ്യൂസർ ഷിബു ജോബ്, എക്സിക്യുട്ടീവ് പ്രൊഡ്യൂസർ അനീഷ് സി സലിം, എഡിറ്റർ മൻസൂർ മുത്തുട്ടി, പ്രൊഡക്ഷൻ കൺട്രോളർ ഷബീർ മലവട്ടത്ത്, മേക്കപ്പ് മനു മോഹൻ, കോസ്റ്റ്യൂംസ് നിസാർ റഹ്മത്ത്, ചീഫ് അസോസിയേറ്റ് ഡയറക്ടർ സ്യമന്തക് പ്രദീപ്, ഫിനാൻസ് കൺട്രോളർ അഗ്നിവേശ്, വിഎഫ്എക്സ് പ്രോമിസ്, സ്റ്റിൽസ് രാഹുൽ എം സത്യൻ, ഡിസൈൻ അസ്തറ്റിക് കുഞ്ഞമ്മ, പി ആർ ഒ എ എസ് ദിനേശ്

## പാപ്പച്ചൻ ഒളിവിലാണ്

സൈജു കുറുപ്പ്,സ്രിന്ദ, ദർശന എന്നിവരെ പ്രധാന കഥാപാത്രങ്ങളാക്കി നവാഗതനായ സിന്റോ സണ്ണി സംവിധാനം പാപ്പച്ചൻ ഒളിവിലാണ് എന്ന ചിത്രത്തിന്റെ ഒഫീഷ്യൽ ടീസർ റിലീസായി.

തോമസ് തിരുവല്ല ഫിലിംസിന്റെ ബാനറിൽ തോമസ് തിരുവല്ല നിർമ്മിക്കുന്ന ഈ ചിത്രത്തിൽ അജു വർഗ്ഗീസ്, വിജയരാഘവൻ, ജഗദീഷ്,ജോണി ആന്റണി,കോട്ടയം,ശിവജി ഗുരുവായൂർ,കോട്ടയം നസീർ,ജോളി ചിറയത്ത്,വീണ നായർ എന്നിവരാണ് മറ്റു പ്രമുഖ താരങ്ങൾ.ബി കെ ഹരിനാരായണൻ, സിന്റോ സണ്ണി എന്നിവരുടെ വരികൾക്ക് ഓസേപ്പച്ചൻ ഈണം പകരുന്നു.ഛായാഗ്രഹണം ശ്രീജിത്ത് നായർ, എഡിറ്റർ രതിൻ രാധാകൃഷ്ണൻ,പ്രൊഡക്ഷൻ കൺട്രോളർപ്രശാന്ത് നാരായണൻ,കലവിനോദ് പട്ടണക്കാടൻ.കോസ്റ്റ്യൂസ്ഡിസൈൻ സുജിത് മട്ടന്നൂർ.മേക്കപ്പ്മനോജ്, കിരൺ,ചീഫ് അസ്സോസ്സിയേറ്റ് ഡയറക്ടർ ബോബി സത്യശീലൻ.പ്രൊഡക്ഷൻ മാനേജർ ലിബിൻ വർഗീസ്, പ്രൊഡക്ഷൻ എക്സിക്യൂട്ടീവ് പ്രസാദ് നമ്പിയൻക്കാവ്,പി ആർ ഒഎ എസ് ദിനേശ്.

# മഴ കനക്കുന്നു; മലയോരമേഖല ആശങ്കയിൽ



**കോട്ടയം:** ബംഗാൾ ഉൾക്കടലിൽ രൂപപ്പെട്ട ചക്രവാതച്ചുഴിയെ തുടർന്ന് ശക്തമായ കാലവർഷം ജില്ലയിൽ തീവ്രമഴയായി. ഇന്നലെ പുലർച്ചെമുതൽ ശക്തമായ മഴയാണ് ജില്ലയുടെ വിവിധ ഭാഗങ്ങളിൽ പെയ്തത്. അടുത്ത മൂന്നു ദിവസം ജില്ലയുടെ ഒറ്റപ്പെട്ട ഇടങ്ങളിൽ അതിശക്തമായ മഴയ്ക്കു സാധ്യതയുള്ളതിനാൽ ഓറഞ്ച് അലെർട്ട് പ്രഖ്യാപിച്ചിരിക്കുകയാണ്.

അതിശക്ത മഴയ്ക്കു സാധ്യതയുണ്ടെന്ന് കാലാവസ്ഥാ വിഭാഗം പ്രഖ്യാപിച്ചതോടെ ജില്ലാ ഭരണകൂടം ജാഗ്രതാനിർദേശം പുറപ്പെടുവിച്ചു. അതിശക്ത മഴ ലഭിക്കുന്ന സാഹചര്യത്തിൽ മണ്ണിടിച്ചിലും മലവെള്ളപ്പാച്ചിലും ഉണ്ടാകാനുള്ള സാധ്യതയുള്ളതിനാൽ പൊതുജനങ്ങൾ ജാഗ്രത പാലിക്കണമെന്ന് ജില്ലാ കളക്ടർ അറിയിച്ചു.

കാറ്റിൽ മരങ്ങൾ കടപുഴകി വീണും പോസ്റ്റുകൾ തകർന്നുവീണും അപകടങ്ങൾ ഉണ്ടാകാനിടയുള്ളതിനാൽ ശ്രദ്ധിക്കണം. അതിശക്തമായ മഴമുന്നറിയിപ്പുള്ള സാഹചര്യത്തിൽ അധികൃതരുടെ നിർദേശങ്ങൾ അനുസരിച്ച് മാറിത്താമസിക്കേണ്ട സാഹചര്യം ഉണ്ടായാൽ അതിനോട് സഹകരിക്കണം. ദുരന്തസാധ്യതാ മേഖലയിലുള്ളവർ എമർജൻസി കിറ്റ് തയാറാക്കി വയ്ക്കണമെന്നും ജില്ലാ ഭരണകൂടം ജാഗ്രതാ നിർദേശത്തിൽ പറയുന്നു.

ഒറ്റദിവസത്തെ ശക്തമായ മഴയിൽ ജില്ലയിലെ പ്രധാന നദികളിലും കൈവഴികളിലും ജലനിരപ്പ് ഉയർന്നു. മീനച്ചിൽ, മണിമല, മൂവാറ്റുപുഴയാറുകളിൽ ജലനിരപ്പ് ഉയർന്നു. മലയോര മേഖലയായ കൂട്ടിക്കൽ, തീക്കോയി, പൂഞ്ഞാർ, മേലുകാവ്, മൂന്നിലവ് പ്രദേശങ്ങളിൽ! ശക്തമായ മഴയാണ്.

പുല്ലുകയാറിൽ കൂട്ടിക്കൽ ചപ്പാത്ത് ഭാഗത്ത് ജലനിരപ്പ് ക്രമാതീതമായി ഉയർന്നിട്ടുണ്ട്. മൂടിക്കെട്ടിയ അന്തരീക്ഷവും ചാറ്റൽ മഴയുമാണ് പ്രദേശത്ത്.

സ്വകാര്യഭൂമിയിലെ അപകടകരമായ മരങ്ങളും മരച്ചില്ലകളും മുറിച്ചുമാറ്റാനുള്ള പൂർണ ഉത്തരവാദിത്വം സ്ഥലം ഉടമയ്ക്കും സ്വകാര്യസ്ഥാപനങ്ങൾക്കുമാണെന്നും ഈ ഭൂമിയിലുള്ള മരം വീണ് ഉണ്ടാകുന്ന എല്ലാവിധ അപകടങ്ങൾക്കുമുള്ള ഉത്തരവാദിത്വവും ബാധ്യതയും അതതു വ്യക്തികൾക്കും സ്ഥാപനങ്ങൾക്കുമായിരിക്കുമെന്നും ജില്ലാ ദുരന്തനിവാരണ അഥോറിട്ടി ചെയർപേഴ്സണും ജില്ലാ കളക്ടറുമായ വി. വിഗ്നേശ്വരി അറിയിച്ചു.

## ജില്ലയിൽ തീരദേശ സുരക്ഷ ശക്തമാക്കും

**കൊല്ലം:** ജില്ലയിൽ തീരദേശ സുരക്ഷ ശക്തമാക്കാൻ ജില്ലാ കലക്ടർ അഫ്സാന പർവീണിന്റെ അധ്യക്ഷതയിൽ ചേർന്ന ജില്ലാതല തീരദേശ സുരക്ഷാ സമിതി യോഗത്തിൽ തീരുമാനം. തീരദേശ സുരക്ഷാ പരിശീലന പരിപാടിയായ സാഗർ കവച് മോക് ഡ്രിൽ തുടർ പ്രവർത്തനത്തിന്റെ ഭാഗമായി തീരദേശങ്ങളിൽ വിവിധ സുരക്ഷാ വിഭാഗങ്ങൾ സംയോജിതമായി പട്രോളിങ് ശക്തമാക്കും. മത്സ്യതൊഴിലാളികൾക്ക് ബയോമെട്രിക് തിരിച്ചറിയൽ കാർഡുകൾ വിതരണം ചെയ്യുന്നത് ഉടൻ പൂർത്തിയാക്കും. ഇതിനായി പരിശോധന ശക്തമാക്കും. യന്ത്രവത്കൃത യാനങ്ങൾക്കുള്ള ഏകീകൃത കളർ കോഡിങ് പൂർത്തീകരിച്ചു. പരമ്പരാഗത വള്ളങ്ങൾക്കുള്ള ഏകീകൃത കളർ കോഡിങ് ഉടൻ പൂർത്തിയാക്കുന്നതിന് പ്രത്യേക അദാലത്തുകൾ നടത്തും. കൊല്ലം പോർട്ടിൽ സെൻട്രൽ കസ്റ്റംസ് വകുപ്പിനുള്ള സ്ഥലസൗകര്യം ഒരുക്കുന്ന നടപടികൾ വേഗത്തിലാക്കാൻ ജില്ലാ കലക്ടർ നിർദേശം നൽകി. ഹാർബറുകളിലെ പ്രധാന സ്ഥലങ്ങളിൽ സി സി ടി വികൾ സ്ഥാപിക്കും. ഇവ നശിപ്പിക്കുന്നവർക്കെതിരെ നടപടി എടുക്കാനും പൊലീസിന് നിർദേശം നൽകി. തീരദേശത്തെ പ്ലാസ്റ്റിക്, ലഹരി വിമുക്ത നടപടികൾ ഊർജിതമാക്കാനും തീരുമാനമായി. കലക്ടറുടെ ചേമ്പറിൽ ചേർന്ന യോഗത്തിൽ എ ഡി എം ആർ ബീനാ റാണി, വകുപ്പ്തല ഉദ്യോഗസ്ഥർ എന്നിവർ പങ്കെടുത്തു.

## മറയൂർ ശർക്കരയ്ക്ക് വില 100 കവിഞ്ഞു



**മറയൂർ:** രുചിയിലും ഗുണത്തിലും മുൻപന്തിയിൽ നിൽക്കുന്ന മറയൂർ ശർക്കരയ്ക്ക് സുവർണകാലം. ശർക്കരവില കിലോയ്ക്ക് 100 രൂപ കവിഞ്ഞു. മറയൂരിൽ എത്തുന്ന വിനോദ സഞ്ചാരികൾ വാങ്ങുമ്പോഴാണ് ഇത്രയും വില ലഭിക്കുന്നത്. ഒറിജിനൽ മറയൂർ ശർക്കര 100 മുതൽ 140 വരെ മറയൂർ, കാന്തല്ലൂർ മേഖലയിലെ ശർക്കര ഉല്പാദന കേന്ദ്രത്തിൽ വിലയായി ലഭിക്കുമ്പോൾ മൂന്നാറിലും മറ്റു വിനോദസഞ്ചാര മേഖലയിലും വിദേശത്തുമായി 200 മുതൽ 300 രൂപവരെയാണ് ഒരു കിലോ ശർക്കരയ്ക്ക് ലഭിക്കുന്നത്.

മൂന്നു പതിറ്റാണ്ടുകൾക്കു മുൻപുവരെ പ്രദേശത്ത് വ്യാപകമായി നെൽകൃഷിയാണ് ചെയ്തിരുന്നത്. നെൽകൃഷിയിൽനിന്നു മാറി നല്ലൊരു വിഭാഗം കർഷകർ കരിമ്പ് കൃഷിയിലേക്ക് തിരിഞ്ഞു. ഇവിടെ ഉത്പാദിപ്പിക്കുന്ന ശർക്കരയ്ക്ക് ഉപഭോക്താക്കൾക്കിടയിൽ രുചി കൊണ്ടുതന്നെ പ്രചാരം ഏറി. സമുദ്രനിരപ്പിൽ നിന്ന് ഉയർന്ന പ്രദേശത്തെ മറയൂർ ശർക്കരയ്ക്ക് ഉപ്പുരസം കുറവും മധുരം കൂടുതലുമാണ്. കൂടാതെ ഇവിടത്തെ ശർക്കരയിൽ രാസവസ്തുക്കളുടെ അംശവും ഇല്ല.

2019ൽ കേരള കാർഷിക സർവകലാശാല മറയൂർ ശർക്കര പഠനവിധേയമാക്കി ഭൗമ സൂചിക പദവി നൽകിയിരുന്നു. എന്നാൽ, ഇതു മുതലാക്കി തമിഴ്നാട്ടിൽനിന്നു വ്യാപകമായി ശർക്കര എത്തിച്ച് മറയൂർ ശർക്കര എന്ന പേരിൽ വിറ്റഴിക്കലൽ പതിവായി. ഇത് പ്രദേശത്തെ ശർക്കര നിർമാണത്തെ സാരമായി ബാധിച്ചു. മുൻപ് 1500 ഹെക്ടറിലധികം പ്രദേശത്താണ് കരിമ്പുകൃഷി ചെയ്തിരുന്നത്.

നിലവിലത് 300 ഹെക്ടറിൽ താഴെയായി . മറയൂർ ശർക്കരയ്ക്ക് അർഹിക്കുന്ന വില ലഭിക്കാത്തതായിരുന്നു പ്രധാന കാരണം. പ്രദേശത്ത് എത്തുന്ന വ്യാജനെയുംകൂടി സർക്കാർ ഇടപെട്ട് തടയാൻ കഴിഞ്ഞാൽ മറയൂർ ശർക്കരയ്ക്ക് ഈ സുവർണകാലം നിലനിർത്താം എന്ന പ്രതീക്ഷ കർഷകർക്കുണ്ട്.

## ന്യായവില ഉറപ്പാക്കി വിലക്കയറ്റം നിയന്ത്രിക്കുന്നതിൽ മുൻഗണന: മന്ത്രി ജി ആർ അനിൽ

**കൊല്ലം:** സംസ്ഥാനത്ത് വിലക്കയറ്റം നിയന്ത്രണവും ഭക്ഷ്യ ഉത്പ്പന്നങ്ങളുടെ ഗുണനിലവാരവും ഉറപ്പാക്കാനായെന്ന് ഭക്ഷ്യ പൊതുവിതരണ മന്ത്രി ജി ആർ അനിൽ. തേവലക്കര ഗ്രാമപഞ്ചായത്തിൽ പടപ്പനാൽ മാവേലി സ്റ്റോർ സപ്ലൈകോ സൂപ്പർമാർക്കറ്റായി ഉയർത്തി പ്രവർത്തനം ആരംഭിച്ചതിന്റെ ഉദ്ഘാടനം നിർവഹിക്കുകയായിരുന്നു മന്ത്രി. പരമാവധി ന്യായവില ഉറപ്പാക്കി വിലക്കയറ്റം നിയന്ത്രിക്കുന്നതിലാണ് സർക്കാർ മുൻഗണന നൽകുന്നത്. മാവേലി സ്റ്റോറുകൾ സൂപ്പർ മാർക്കറ്റായി ഉയർത്തുമ്പോൾ സബ്സിഡിക്ക് പുറമേ വിവിധ ഉത്പ്പന്നങ്ങൾ അഞ്ച് മുതൽ 30 ശതമാനം വരെ വിലക്കുറവിൽ ലഭ്യമാകുന്നു. 13 ഇനം നിത്യോപയോഗ സാധനങ്ങൾ സബ്സിഡി നിരക്കിൽ കേരളത്തിൽ നൽകിവരുന്നതായും വിപണിയിൽ കൂടുതൽ ഉത്പ്പന്നങ്ങൾ എത്തിക്കുമെന്നും മന്ത്രി പറഞ്ഞു.

സബ്സിഡി ഉത്പ്പന്നങ്ങളും മറ്റ് നിത്യോപയോഗ സാധനങ്ങളും മികച്ച ഗുണനിലവാരത്തിലും മിതമായ നിരക്കിലും നൽകിവരുന്ന മാവേലി സ്റ്റോറിന്റെ സേവനം കൂടുതൽ മെച്ചപ്പെടുത്തുന്നതിനും ഉപഭോക്താക്കൾക്ക് വൈവിധ്യമാർന്ന ഉത്പ്പന്നങ്ങൾ അനായാസം തിരഞ്ഞെടുക്കുന്നതിനും ആധുനിക സജ്ജീകരണങ്ങളോടെയാണ് സപ്ലൈകോ സൂപ്പർമാർക്കറ്റ് പ്രവർത്തനം ആരംഭിക്കുന്നത്. പരിപാടിയിൽ സുജിത്ത് വിജയൻപിള്ള എം എൽ എ അധ്യക്ഷനായി. തേവലക്കര ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് എസ് സിന്ധു, ജില്ലാ പഞ്ചായത്ത് അംഗം എസ് സോമൻ, ചവറ ബ്ലോക്ക് പഞ്ചായത്ത് അംഗം സജി അനിൽ, തേവലക്കര ഗ്രാമപഞ്ചായത്ത് അംഗം ഷെമീന താഹിർ, സപ്ലൈകോ റീജണൽ മാനേജർ ജലജ ജി എസ് റാണി, രാഷ്ട്രീയകക്ഷി നേതാക്കൾ, ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു.

## പുനർലേലം ചെയ്യുന്നു

**കോഴിക്കോട്:** സിറ്റിയിലെ ട്രാഫിക് പോലീസ് സ്റ്റേഷന്റെ പരിസരത്ത് സ്റ്റേഷൻ ഹൗസ് ഓഫീസറുടെ ഉത്തരവാദിത്വത്തിൽ അവകാശികൾ ഇല്ലാത്തതും, നിലവിൽ അന്വേഷണ അവസ്ഥയിലോ/കോടതി വിചാരണയിലോ/പരിഗണനയിലോ ഇല്ലാത്തതുമായ ആറ് വാഹനങ്ങൾ എം എസ് ടി സി ലിമിറ്റഡിന്റെ വെബ്സൈറ്റ് ആയ ০০০.ാരെേലരീാലൃരല.രീാ മുഖേന ജൂലൈ പത്ത് രാവിലെ 11 മണി മുതൽ 03:30 വരെ ഓൺലൈനായി വില്പന നടത്തുന്നു. ലേലത്തിൽ പങ്കെടുക്കാൻ താല്പര്യമുള്ളവർ പ്രസ്തുത വെബ്സൈറ്റിൽ എം എസ് ടി സി ലിമിറ്റഡിന്റെ നിബന്ധനകൾക്ക് വിധേയമായി ആഡഥഋജ്ഞ ആയി പേര് രജിസ്റ്റർ ചെയ്ത് ലേലത്തിൽ പങ്കെടുക്കാവുന്നതാണ്. ലേലത്തിൽ പങ്കെടുക്കുന്നവർക്ക് ജൂലൈ 9 വരെ ബന്ധപ്പെട്ട സ്റ്റേഷൻ ഹൗസ് ഓഫീസറുടെ അനുമതിയോടെ രാവിലെ 10 മണി മുതൽ 5 മണി വരെ വാഹനങ്ങൾ പരിശോധിക്കാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് : 0495 2722673.

## രവീന്ദ്രൻ മാസ്റ്റർ സ്മാരകം ’രാഗസരോവരം’ ജൂലൈ ഏഴിന് നാടിന് സമർപ്പിക്കും

**കുളത്തൂപ്പുഴ:** സംഗീതജ്ഞൻ രവീന്ദ്രൻ മാസ്റ്ററിന്റെ ഓർമയ്ക്കായി കുളത്തൂപ്പുഴയിൽ നിർമിച്ച ’രാഗസരോവരം’ സ്മാരകം സാംസ്കാരിക മന്ത്രി സജി ചെറിയാൻ ജൂലൈ ഏഴിന് വൈകിട്ട് അഞ്ചിന് കുളത്തൂപ്പുഴ ബസ് സ്റ്റാൻഡ് മൈതാനിയിൽ നടക്കുന്ന പരിപാടിയിൽ സമർപ്പിക്കും. പി എസ് സുപാൽ എം എൽ എ അധ്യക്ഷനാകും. മൃഗസംരക്ഷണ ക്ഷീരവികസന മന്ത്രി ജെ ചിഞ്ചുറാണി മുഖ്യാതിഥിയാകും.

പീഠത്തിന് മുകളിൽ തുറന്ന പുസ്തകത്തിൽ ചെല്ലോ (വാദ്യോപകരണം) ചാരിവെച്ച മാതൃകയിലുള്ള സ്മാരകം ശില്പിയും സംവിധായകനുമായ രാജീവ് അഞ്ചലാണ് രൂപകല്പന ചെയ്തത്. എൻ കെ പ്രേമചന്ദ്രൻ എം പി അനുസ്മരണം നടത്തും. എം മുകേഷ് എം എൽ എ, മുൻ മന്ത്രി കെ രാജു, ചലച്ചിത്ര നിർമാതാവ് സുരേഷ് കുമാർ, രാജീവ് അഞ്ചൽ, നടൻ മധുപാൽ, സംഗീത സംവിധായകൻ രാജീവ് ഒ എൻ വി, രവീന്ദ്രൻ മാസ്റ്ററുടെ പത്നി ശോഭന രവീന്ദ്രൻ, ത്രിതല പഞ്ചായത്ത് ജനപ്രതിനിധികൾ, സാമൂഹിക രാഷ്ട്രീയ രംഗത്തെ പ്രമുഖർ തുടങ്ങിയവർ പങ്കെടുക്കും. രാത്രി ഏഴിന് കെ ജെ ചക്രപാണി അവതരിപ്പിക്കുന്ന രവീന്ദ്ര രാഗങ്ങൾ അരങ്ങേറും.

# 999 രൂപയ്ക്ക് 4 ജി കണക്ടിവിറ്റിയുമായി ജിയോ ഭാരത് ഫോൺ




**കൊച്ചി/മുംബൈ:** ഫീച്ചർ ഫോണുകളിൽ വിപ്ലവവുമായി ജിയോ ഭാരത് ഫോൺ പുറത്തിറങ്ങുന്നു. ഇന്റർനെറ്റ് സൗകര്യമുള്ള ഏറ്റവും വിലകുറഞ്ഞ ഫീച്ചർ ഫോണാണ് ജിയോ പുറത്തിറക്കുന്നത്. ഇന്ത്യയിൽ നിലവിൽ 25 കോടി ഫീച്ചർ ഫോൺ ഉപയോക്താക്കളാണ് ഉള്ളത്, അവർക്ക് ഇന്റർനെറ്റ് സൗകര്യമുള്ള ഫോണുകൾ പ്രാപ്തമാക്കാൻ ഈ ചുവടുവയ്പ്പിലൂടെ സാധിക്കുമെന്ന് റിലയൻസ് ജിയോയുടെ ചെയർമാൻ ആകാശ് അംബാനി പറഞ്ഞു.999 രൂപയ്ക്കാണ് ഫോൺ മാർക്കറ്റിൽ ലഭ്യമാവുക. ഇന്റർനെറ്റ് സൗകര്യമുള്ള ഫോണുകളിൽ ഏറ്റവും കുറഞ്ഞ നിരക്കാണിത്. ഇന്റർനെറ്റ് സൗകര്യമുള്ള ഫീച്ചർ ഫോണുകൾ ഏറ്റവും വിലക്കുറവിൽ ലഭ്യമാകുന്നു എന്നതാണ് ഇതിന്റെ പ്രധാന സവിശേഷതയെന്നും ആകാശ് അംബാനി വ്യക്തമാക്കി. ജൂലൈ ഏഴു മുതൽ ഇന്ത്യയിൽ ഉടനീളമുള്ള സ്റ്റോറുകളിൽ ലഭ്യമാകും, ആദ്യ ഘട്ടത്തിൽ 10 ലക്ഷം ഫോണുകളാണ് പുറത്തിറക്കുക. ഇതിനു പുറമെ പ്രത്യേക ഓഫറുകളും ജിയോ ഭാരത് ഫോണിൽ ജിയോ നൽകുന്നുണ്ട്. 14 ജിബി ഡാറ്റയും അൺലിമിറ്റഡ് കോളുകളും 123 രൂപയ്ക്കാണ് ലഭ്യമാകുക. മറ്റു സേവനദാതാക്കളെ അപേക്ഷിച്ചു 30% കിഴിവിൽ മാസ വരിക്കാരാകാം, ഒപ്പം ഏഴു മടങ്ങ് അധിക ഡാറ്റ ലഭ്യമാകും. റിലയൻസ് റീട്ടെയിലിന് പുറമെ കാർബൺ ഉൾപ്പെടെയുള്ളവർ ജിയോ ഭാരത് ഫോൺ നിർമാണത്തിൽ പങ്കാളികളാകും. ജിയോ ട്രൂ 5 ജി നെറ്റ്വർക്കിലൂടെ ഇന്ത്യ ഒരു വശത്ത് 5 ജി വിപ്ലവത്തിന് നേതൃത്വം നൽകുമ്പോൾ, ഡിജിറ്റൽ സാങ്കേതികവിദ്യയുടെ നേട്ടങ്ങൾ ലഭിക്കാത്ത ഒരു വിഭാഗം സമൂഹമുണ്ട്. കണക്കുകൾ പ്രകാരം 25 കോടി ജനങ്ങൾ ഇന്ത്യയിൽ ഇപ്പോഴും ഫീച്ചർ ഫോണുകൾ ഉപയോഗിക്കുന്നവരാണ്. ഈ ഫീച്ചർ ഫോണുകളിൽ ഇന്റർനെറ്റ് സേവനം ലഭ്യമാകില്ല, പ്രത്യേകിച്ചും സാങ്കേതികവിദ്യയിലേക്കുള്ള പ്രവേശനം ഒരാളുടെ ഉപജീവനവും സാമ്പത്തിക ക്ഷേമവും ഉയർത്തുന്ന ഒരു അനിവാര്യമായ ഒരു സമയത്ത്. ടെലികോം ഓപ്പറേറ്റർമാർ നിരക്കുകൾ അടിക്കടി വർദ്ധിപ്പിക്കുന്നതും ഇതിന് കാരണമാകുന്നു. വോയിസ് കോളുകൾക്ക് മാത്രം മുൻപ് 99 രൂപയ്ക്ക് ലഭ്യമായിരുന്ന സേവനങ്ങൾ ഇപ്പോൾ 199 രൂപയ്ക്കാണ് ലഭ്യമാവുക. ഫീച്ചർ ഫോൺ ഉപയോക്താക്കൾക്ക് സ്മാർട്ട്ഫോണുകൾ വാങ്ങാൻ കഴിയാത്തതിനാൽ നിലവിലുള്ള ഓപ്പറേറ്റർമാർ ഈ വിഭാഗത്തെ ഏറ്റവും കൂടുതൽ ചൂഷണം ചെയ്യുന്നു. ഈ ഉപയോക്താക്കൾക്ക് താങ്ങാനാവാത്ത വില മാത്രമല്ല, ഡിജിറ്റൽ സേവനങ്ങൾ ആക്സസ് ചെയ്യുന്നതിൽ നിന്നുള്ള നിയന്ത്രണവും നേരിടേണ്ടിവരുന്നു.തെരഞ്ഞെടുത്ത കുറച്ച് പേർക്ക് ഒരു പ്രത്യേകാവകാശമായി സാങ്കേതികവിദ്യ ഇനി നിലനിൽക്കില്ല. പുതിയ ജിയോ ഭാരത് ഫോൺ ആ ദിശയിലെ മറ്റൊരു ചുവടുവയ്പ്പാണെന്നും ആകാശ് അംബാനി അഭിപ്രായപ്പെട്ടു. 'ഇന്റർനെറ്റിന്റെ അടിസ്ഥാന സവിശേഷതകൾ ലഭ്യമാവാതെ, ഇന്ത്യയിൽ ഇപ്പോഴും 25 കോടി മൊബൈൽ ഫോൺ ഉപയോക്താക്കൾ ടുജി യുഗത്തിൽ കുടുങ്ങിക്കിടക്കുന്നു. ലോകം 5ജി വിപ്ലവത്തിന്റെ കൊടുമുടിയിൽ നിൽക്കുമ്പോൾ, 6 വർഷം മുമ്പ്, ജിയോ ആരംഭിച്ചപ്പോൾ, ഇന്റർനെറ്റിനെ ജനാധിപത്യവൽക്കരിക്കാനും സാങ്കേതികവിദ്യയുടെ നേട്ടങ്ങൾ ഓരോ ഇന്ത്യക്കാരനും കൈമാറാനും ജിയോ എല്ലാ ശ്രമങ്ങളും നടത്തുമെന്ന് തങ്ങൾ വ്യക്തമാക്കിയിരുന്നു. ഇത് നവീകരണത്തിന്റെ സമയമാണ്, കൂടാതെ വ്യത്യസ്ത വിഭാഗങ്ങളിലെ ഉപയോക്താക്കൾക്ക് അർത്ഥവത്തായതും യഥാർത്ഥവുമായ മൂല്യം കൊണ്ടുവരുന്നതിൽ തങ്ങൾ ശ്രദ്ധ നൽകുന്നു. ജിയോയിൽ, ഈ ഡിജിറ്റൽ വിഭജനം ഇല്ലാതാക്കാൻ ധീരമായ ചുവടുകൾ ഞങ്ങൾ കൈക്കൊള്ളുകയും തുടരുകയും ചെയ്യും, നമ്മുടെ മഹത്തായ രാഷ്ട്രം ഒരു ഡിജിറ്റൽ രാജ്യമായി മാറിക്കൊണ്ടിരിക്കുമ്പോൾ അതിന്റെ നേട്ടം ഓരോ വ്യക്തിക്കും ഉറപ്പാക്കാൻ തങ്ങൾ ശ്രമിച്ചുകൊണ്ടേയിരിക്കുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു

# ചേർത്തലയിൽ ഇൻഫിനെസ്സ് ഐടി കമ്പനി: കൃഷിമന്ത്രിയുമായി കൂടിക്കാഴ്ച്ച നടത്തി



**ചേർത്തല :**മലേഷ്യ ആസ്ഥാനമായിട്ടുള്ള ഇൻഫിനെസ്സ് എന്ന ഐടി കമ്പനി പ്രതിനിധികൾ കൃഷി മന്ത്രി പി പ്രസാദുമായി കൂടിക്കാഴ്ച്ച നടത്തി. മൊബൈൽ ഫോൺ, കമ്പ്യൂട്ടർ, ഓട്ടോമൊബൈൽ എന്നിവയിലെല്ലാം ഉപയോഗിക്കുന്ന ചിപ്പ് രൂപകൽപ്പന ചെയ്യുന്ന കമ്പനിയാണ് ഇൻഫിനെസ്സ്. കേരളത്തിൽ കമ്പനി തുടങ്ങുന്നതിനെ സംബന്ധിച്ച് ചർച്ചചെയ്യാനാണ് കമ്പനി പ്രതിനിധികൾ കൃഷി മന്ത്രിയുമായി കൂടിക്കാഴ്ച്ച നടത്തിയത്. 500 ഓളം പേർക്ക് തൊഴിൽ നൽകുന്നതിന് കഴിയുന്ന സ്ഥാപനമാണ് തുടങ്ങുവാൻ ഉദ്ദേശിക്കുന്നത് എന്ന് കമ്പനി പ്രതിനിധികൾ അറിയിച്ചു. കൃഷി മന്ത്രിയുടെ നിർദ്ദേശം അനുസരിച്ച് ചേർത്തലയിൽ തന്നെ കമ്പനി തുടങ്ങാൻ പ്രതിനിധികൾ സന്നദ്ധത അറിയിച്ചിട്ടുണ്ട്. വ്യവസായ മന്ത്രി പി രാജീവുമായി കൃഷി മന്ത്രി ഫോണിൽ സംസാരിച്ചതനുസരിച്ച് മന്ത്രിമാരുടെ സാന്നിദ്ധ്യത്തിൽ തിരുവനന്തപുരത്ത് പ്രത്യേക യോഗം ചേരുന്നതിന് ധാരണയായിട്ടുണ്ട്. കൃഷി മന്ത്രിയുടെ ചേർത്തല ക്യാമ്പ് ഓഫീസിൽ നടന്ന കൂടിക്കാഴ്ചയിൽ ഇൻഫിനെസ്സ് സി.ഇ.ഒ കലൈസെൽവൻ സുബ്രമണ്യം, കമ്പനിയുടെ ഇന്ത്യയിലെ മേധാവി ശ്രീജിത്ത് സുകുമാരൻ, റെനി ശ്രീജിത്ത്, എന്നിവർ പങ്കെടുത്തു. ചേർത്തല പള്ളിപ്പുറം ഇൻഫോപാർക്കിൽ കമ്പനിയിക്ക് ആവശ്യമായ സ്ഥലം കണ്ടെത്തി നൽകുന്നതിന് ശ്രമിക്കുമെന്ന് കൃഷി മന്ത്രി പി.പ്രസാദ് കൂടിക്ക്ഴ്ച്ചയ്ക്ക് ശേഷം അ

## വിദ്യാർത്ഥികൾക്കുള്ള വാരാന്ത്യ സിവിൽ സർവീസ് പരീക്ഷ പരിശീലന ക്ലാസുകൾ

**കൊച്ചി:**സ്റ്റേറ്റ് സിവിൽ സർവീസ് അക്കാദമിയുടെ ആലുവ കേന്ദ്രത്തിൽ വിവിധ വിഷയങ്ങളിൽ ഡിഗ്രി/പിജി പഠിക്കുന്ന കോളജ് വിദ്യാത്ഥികൾക്കും, ഡിഗ്രി പഠനം പൂർത്തികരിച്ചവർക്കും പ്രൊഫഷണൽസിനും വാരാന്ത്യ പരിശീലന (PCM Weekend) ക്ലാസിലേക്ക് അപേക്ഷിക്കാം. ഹൈസ്കൂൾ വിദ്യാർത്ഥികൾക്ക് ടാലൻറ് ഡവലപ ്മെൻറ് കോഴ്സിലേക്കും (ഠഉഇ), ഹയർ സെക്കൻററി വിദ്യാർത്ഥികൾക്ക് സിവിൽ സർവീസ് ഫൗഷേൻ കോഴ്സിലേക്കും (CSFC) അപേക്ഷിക്കാം. kscsa.org എന്ന വെബ്സൈറ്റിൽ ഓൺലൈനായി രജിസ്റ്റർ ചെയ്തു ജൂലൈ 7 വരെ കോഴ്സ് ഫീ അടക്കാം. ആലുവ മെട്രോ സ്റ്റേഷനിലാണ് അക്കാദമി പ്രവർത്തിക്കുന്നത്. വിശദവിവരങ്ങൾക്ക് ഫോൺ 8281098873

## കളമശ്ശേരി വനിത ഐ.ടി.ഐ യിൽ ഏവിയേഷൻ മാനേജ്മെൻറ് ആൻറ് ടിക്കറ്റിംഗ് കൺസൾട്ടൻറ് കോഴ്സ്

**കൊച്ചി:** കളമശ്ശേരി വനിത ഐ.ടി.ഐ യിൽ ഐ.എം.സിയ്ക്ക് കീഴിൽ പ്ലസ് ടു, ബിരുദ യോഗ്യതകൾ ഉള്ള ആൺകുട്ടികൾക്കും, പെൺകുട്ടികൾക്കും ചുരുങ്ങിയ ചിലവിൽ കേന്ദ്ര സർക്കാർ അംഗീകാരത്തോടെ നടത്തുന്ന ഒരു വർഷത്തെ ഏവിയേഷൻ മാനേജ്മെൻറ് ആൻറ് ടിക്കറ്റിംഗ് കൺസൾട്ടൻറ് കോഴ്സിലേയ്ക്ക് അഡ്മിഷൻ തുടരുന്നു. താത്പര്യമുള്ള അപേക്ഷാർത്ഥികൾ നേരിട്ട് എത്തി അപേക്ഷ നൽകണം. വിശദവിവരങ്ങൾക്ക് ഫോൺ 83018300 93

## മോണ്ടിസ്സോറി, പ്രീപ്രൈമറി ടീച്ചർ ട്രെയിനിംഗ് കോഴ്സിന് അപേക്ഷിക്കാം

**കൊച്ചി:** വനിതകൾക്ക് മോണ്ടിസ്സോറി, പ്രീപ്രൈമറി ടീച്ചർ ട്രെയിനിംഗ് ഇപ്പോൾ അപേക്ഷിക്കാം. കേന്ദ്ര സർക്കാർ സംരംഭമായ ബിസിൽ ട്രെയിനിംഗ് ഡിവിഷൻ ജൂലൈ മാസം ആരംഭിക്കുന്ന രണ്ടു വർഷം, ഒരു വർഷം ആറു മാസം ദൈർഘ്യമുള്ള മോണ്ടിസ്സോറി, പ്രീ പ്രൈമറി, നഴ്സറി ടീച്ചർ, ട്രെയിനിംഗ് കോഴ്സുകൾക്ക് ഡിഗ്രി, പ്ലസ് ടു, എസ്.എസ്.എൽ.സി യോഗ്യതയുള്ള വനിതകളിൽ നിന്നുമാണ് അപേക്ഷ ക്ഷണിച്ചത്. വിശദ വിവരങ്ങൾക്ക് ബിസിൽ ട്രെയിനിംഗ് ഡിവിഷൻ: 7994449314

## പട്ടികജാതി വികസന വകുപ്പ് പൊന്നാനി ഗവ.ഐ.ടി.ഐയിൽ പ്രവേശനം

**കൊച്ചി:** പട്ടികജാതി വികസന വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന മലപ്പുറം ജില്ലയിലെ പൊന്നാനി ഗവ. ഐ. ടി. ഐ യിൽ എൻ.സി.വി.ടി പാഠ്യപദ്ധതിയനുസരിച്ച് പരിശീലനം നൽകുന്ന ഇലക്ട്രീഷ്യൻ മെട്രിക്ക് ട്രേഡിലേക്ക് 2023 അദ്ധ്യയനവർഷം പ്രവേശനത്തിന് അപേക്ഷ ക്ഷണിച്ചു. www.scdd.kerala.gov.in എന്ന വെബ്സൈറ്റ് വഴിയും ഐ. ടി. ഐ യിലെ https://scdditiadmission.kerala.gov.in വഴിയും ഓലൈൻ മുഖേന അപേക്ഷ സമർപ്പിക്കാം. പ്രായം 14 വയസ്സ് തികഞ്ഞിരിക്കണം. പ്രായപരിധി ഇല്ല. ആകെ സീറ്റുകളിൽ 80 % പട്ടികജാതി വിഭാഗക്കാർക്കും 10 ശതമാനം പട്ടിക വർഗ്ഗം, 10 ശതമാനം മറ്റുവിഭാഗം എന്നിവർക്കായി സംവരണം ചെയ്തിരിക്കുന്നു. സൗജന്യ പരിശീലനത്തിനു പുറമേ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗക്കാർക്ക് ലംപ്സം ഗ്രാന്റ്, പ്രതിമാസ സ്റ്റൈപ്പന്റ്, ഹോസ്റ്റൽ അലവൻസ് എന്നിവയും എല്ലാ വിഭാഗക്കാർക്കും ടെക്സ്റ്റ്ബുക്കുകൾ, സ്റ്റഡീടൂർ അലവൻസ്, വർക്ക്ഷോപ്പ് ഡ്രസ്സ് അലവൻസ്, സൗജന്യ ഉച്ചഭക്ഷണം, പോഷകാഹാരം എന്നിവയും ലഭിക്കും. അപേക്ഷ സമർപ്പിക്കാനുള്ള അവസാന തിയ്യതി ജൂലൈ 27. കൂടുതൽ വിവരങ്ങൾക്ക് 04942664170, 9746158783, 9995881010 നമ്പറുകളിൽ ബന്ധപ്പെടാം.

## തീറ്റപ്പുൽകൃഷി അപേക്ഷ ക്ഷണിച്ചു

**കൊച്ചി:** ക്ഷീരവികസന വകുപ്പിന്റെ 20232024 വർഷത്തെ വാർഷിക പദ്ധതിയുടെ ഭാഗമായ തീറ്റപ്പുൽകൃഷി വികസന പദ്ധതിയുടെ വിവിധ ഘടകങ്ങളിൽ ഗുണഭോക്താക്കളാകാൻ താല്പര്യമുള്ളവരിൽ നിന്നും ഓൺലൈനായി അപേക്ഷകൾ ക്ഷണിച്ചു. ജൂലൈ 15 വരെ ക്ഷീരവികസന വകുപ്പിന്റെ https://ksheersaree.kerala.gov.in എന്ന പോർട്ടൽ മുഖേന രജിസ്റ്റർ ചെയ്ത് അപേക്ഷകൾ സമർപ്പിക്കാം. കൂടുതൽ വിവരങ്ങൾക്ക് ബ്ലോക്ക് തലത്തിൽ പ്രവർത്തിക്കുന്ന ക്ഷീര വികസന യൂണിറ്റുമായി ബന്ധപ്പെടുക.

# പുതുക്കിയ യോനോ ആപ്പ് അവതരിപ്പിച്ച് എസ്ബിഐ

**കൊച്ചി:** രാജ്യത്തെ ഏറ്റവും വലിയ വായ്പാദാതാവായ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ 68ാമത് ബാങ്ക് ദിനാഘോഷത്തിന്റെ ഭാഗമായി കൂടുതൽ മെച്ചപ്പെടുത്തിയ ഡിജിറ്റൽ ബാങ്കിങ് ആപ്പ് യോനോ ഫോർ എവരി ഇന്ത്യനും കാർഡ് ഇല്ലാതെ പണം പിൻവലിക്കുന്നതിനുള്ള ഇന്റർഓപറേറ്റബിൾ സൗകര്യങ്ങളും അവതരിപ്പിച്ചു.യോനോ ഫോർ എവരി ഇന്ത്യൻ ആപ്പ് വഴി ഏതു ബാങ്കിന്റെ ഉപഭോക്താവിനും സ്കാൻ ആന്റ് പേ, പേ ബൈ കോൺടാക്ട്സ്, പണം ആവശ്യപ്പെടൽ തുടങ്ങിയ യുപിഐ സൗകര്യങ്ങൾ പ്രയോജനപ്പെടുത്താം. എല്ലാ ഇന്ത്യക്കാരേയും ഉൾപ്പെടുത്തിയുള്ള ഉപഭോക്തൃ കേന്ദ്രീകൃത ഡിജിറ്റൽ ബാങ്കിങ് സേവനങ്ങൾ അവതരിപ്പിക്കാനുള്ള എസ്ബിഐയുടെ പ്രതിബദ്ധതയാണ് ഇതിലൂടെ കൂടുതൽ വിപുലമാകുന്നത്. 2017ൽ അവതരിപ്പിക്കപ്പെട്ട യോനോ ആപ്പിന് ആറു കോടി രജിസ്ട്രേഡ് ഉപയോക്താക്കളാണുള്ളത്. ഇന്റർ ഓപറേറ്റബിൽ കാഷ് വിത്ത്ഡ്രോവൽ സൗകര്യം വഴി എസ്ബിഐയുടേയും മറ്റു ബാങ്കുകളുടേയും ഉപഭോക്താക്കൾക്ക് യുപിഐ ക്യൂആർ കാഷ് സംവിധാനം പ്രയോജനപ്പെടുത്തി ഏതു ബാങ്കിന്റേയും ഐസിസിഡബ്ല്യു സൗകര്യമള്ള എടിഎമ്മുകളിൽ നിന്ന് എളുപ്പത്തിൽ പണം പിൻവലിക്കാനാവും. എടിഎം സ്ക്രീനിൽ തെളിയുന്ന ഒറ്റത്തവണ ഉപയോഗിക്കാനാവുന്ന ക്യൂആർ കോഡ് യുപിഐ ആപ്പിൽ ലഭ്യമായ സ്കാൻ ആന്റ് പേ സംവിധാനം ഉപയോഗിച്ചു സ്കാൻ ചെയ്ത് ഇതു പ്രയോജനപ്പെടുത്താം.ഓരോ ഇന്ത്യക്കാരനും സാമ്പത്തിക സ്വാതന്ത്ര്യവും സൗകര്യവും പ്രദാനം ചെയ്യും വിധം ഏറ്റവും പുതിയ ഡിജിറ്റൽ ബാങ്കിങ് സംവിധാനങ്ങൾ ലഭ്യമാക്കാൻ എസ്ബിഐ പ്രതിജ്ഞാബദ്ധമാണെന്ന് എസ്ബിഐ ചെയർമാൻ ദിനേഷ് ഖാര പറഞ്ഞു.

# സ്റ്റുഡന്റ് കോൺക്ലേവ് സംഘടിപ്പിച്ചു




**തൃശൂർ:** തൃശൂർ മാനേജ്മെന്റ് അസോസിയേഷന്റെ രാമത് സ്റ്റുഡന്റ് കോൺക്ലേവ് തൃശൂർ സെന്റ് തോമസ് കോളേജിൽ വച്ച് സംഘടിപ്പിച്ചു. കോളേജ് പ്രിൻസിപ്പൽ ഫാദർ മാർട്ടിൻ കെ.എ. ഉദ്ഘാടനം ചെയ്ത ചടങ്ങിൽ ടിഎംഎ പ്രസിഡന്റും ഇസാഫ് ബാങ്ക് എംഡിയും സിഇഒ യുമായ കെ. പോൾ തോമസ് മുഖ്യ പ്രഭാഷണം നടത്തി. ചടങ്ങിൽ സിവിൽ സർവീസ് പരീക്ഷയിൽ റാങ്ക് നേടിയ തൃശൂർ സ്വദേശി റംഷാദിനെ ആദരിച്ചു. മികച്ച സ്റ്റുഡന്റ് ചാപ്റ്ററിനുള്ള പുരസ്കാരം ഇരിങ്ങാലക്കുട ക്രൈസ്റ്റ് കോളേജും, കോൺക്ലേവ് ഓവറോൾ വിന്നേഴ്സ് പുരസ്കാരം ജ്യോതി എഞ്ചിനീയറിംഗ് കോളേജും കരസ്ഥമാക്കി. വിവിധ മത്സരങ്ങളിയായി 200 ൽ അധികം വിദ്യാർത്ഥികൾ ചടങ്ങിൽ പങ്കെടുത്തു. കോൺക്ലേവ് ചെയർമാൻ ജോയ് ജോസഫ്, ടിഎംഎ സീനിയർ വൈസ് പ്രസിഡന്റ് ജിയോ ജോബ്, സെക്രട്ടറി മനോജ് കുമാർ, സെന്റ് തോമസ് കോളേജ് കോമേഴ്സ് ഡിപ്പാർട്മെന്റ് ഡീൻ ഡോ. ബിജു തുടങ്ങിയവർ ചടങ്ങിൽ സംസാരിച്ചു.

# നെക്സോൺ ഇവി 50,000 കാറുകൾ വിറ്റതായി ടാറ്റ മോട്ടേഴ്സ്

**കൊച്ചി:** നെക്സോൺ ഇവിയുടെ 50,000 കാറുകൾ വിറ്റഴിക്കപ്പെട്ടതായി ടാറ്റാ മോട്ടോർസ്. 2020ൽ പുറത്തിറക്കിയ നെക്സോൺ ഇവി ഇന്ത്യയിലെ ഇവി വിപണിയെ തന്നെ വിപ്ലവവൽക്കരിച്ചു. വീടുകളിലെ ഇഷ്ട കാറുകളായി വൈദ്യുത വാഹനങ്ങളെ മാറ്റിക്കൊ് ജനങ്ങൾക്ക് ആദ്യ ഇവി അനുഭവം നൽകിയാണ് ഈ മോഡൽ ചരിത്ര നേട്ടം കുറിച്ചതെന്ന് കമ്പനി അധികൃതർ വ്യക്തമാക്കി. ഇന്ത്യൻ ഉപഭോക്താക്കൾ വൈദ്യുത വാഹനങ്ങൾ സ്വീകരിക്കുന്നതിൽ ഉായിരുന്ന തടസ്സങ്ങൾ മറികടന്നാണ് നെക്സോൺ ഇവി മുന്നോട്ട് കുതിച്ചത്. അതിലൂടെ വൈദ്യുത വൽക്കരിച്ച വാഹനങ്ങളിലുള്ള ഇന്ത്യയുടെ യാത്ര നെക്സോൺ ഇവി സാക്ഷാത്കരിച്ചുവെന്നും ടാറ്റാ മോട്ടോർസ് അധികൃതർ വ്യക്തമാക്കി.

# ചരിത്ര സ്മരണയിൽ ദാക്ഷായണി വേലായുധന്റെ 111ാം ജന്മദിനാഘോഷത്തിന് തുടക്കമായി




**കൊച്ചി:** ഭരണഘടനാനിർമാണ സഭയിലെ ഏക ദളിത് വനിതയും ഏറ്റവും പ്രായംകുറഞ്ഞ അംഗവുമായ ദാക്ഷായണി വേലായുധന്റെ 111ാം ജന്മദിനാഘോഷത്തിനു തുടക്കം. ആഘോഷത്തിന് മുന്നോടിയായി ഏകദിന ചലച്ചിത്രമേള എറണാകുളം ചിൽഡ്രൻസ് പാർക്ക് തിയേറ്ററിൽ സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ ചെയർമാൻ ഷാജി എൻ കരുൺ ഉദ്ഘാടനം ചെയ്തു. ജീവിതത്തിന്റെ സമസ്തഭാവങ്ങളും പ്രതിഫലിപ്പിക്കുകയും കാലത്തെ വീടെുക്കുകയും ചെയ്യുന്ന കലാരംഗമാണ് ചലച്ചിത്രമെന്ന് ഷാജി എൻ കരുൺ പറഞ്ഞു. ചരിത്ര വനിതയായ ദാക്ഷായണി വേലായുധന്റെ ജന്മദിനാഘോഷ വേളയിൽ അതുകൊുതന്നെ ചലച്ചിത്രമേള ഏറെ പ്രസക്തമാണ്. മൂല്യങ്ങളുടെ ഏകോപനമാണ് ചലച്ചിത്രം. ചരിത്രവും സംസ്കാരവും രാഷ്ട്രീയവുമെല്ലാം ഉൾച്ചേർന്ന സിനിമ സമകാലീനാവസ്ഥയുടെ വിലയിരുത്തലിൽ അത്യന്തം പ്രസക്തമാണെന്നും ഷാജി എൻ കരുൺ പറഞ്ഞു.ഇന്ത്യൻ ഭരണഘടനയുടെ അന്തഃസത്ത പലവിധ വെല്ലുവിളികൾ നേരിടുന്ന കാലഘട്ടത്തിൽ ദാക്ഷായണി വേലായുധന്റെ ദീപ്ത സ്മരണയും ഉദ്ബോധനങ്ങളും ചെറുത്തുനിൽപ്പിനും നേരായ ദിശ കത്തെുന്നതിനും പ്രചോദനവും മാർഗദർശനവും നൽകുന്നതാണെന്ന് മുഖ്യപ്രഭാഷണം നടത്തിയ കെ.എൻ ഉണ്ണിക്കൃഷ്ണൻ എം.എൽ.എ പറഞ്ഞു. ഈ കാലിക പ്രസക്തി തിരിച്ചറിയുന്നതു കൊാണ് ജന്മദിനാഘോഷത്തിന് മുൻകയ്യെടുത്തത്. ദളിത്, ന്യൂനപക്ഷ വിഭാഗങ്ങൾ വിവേചനം നേരിടുന്നില്ലെന്നും ഭരണ ഘടനയുടെ പവിത്രത നഷ്ടപ്പെടുന്നില്ലെന്നും ഉറപ്പാക്കാൻ സിനിമ ഉൾപ്പെടെ മാധ്യമങ്ങൾ ജാഗ്രത പുലർത്തണമെന്നും അദ്ദേഹം പറഞ്ഞു.ദാക്ഷായണി വേലായുധൻ എന്ന അദ്ഭുത വനിതയെക്കുറിച്ച് ചരിത്ര ആഖ്യാനപരമായ ദൃശ്യഭാഷ്യമുാകണമെന്ന് അധ്യക്ഷത വഹിച്ച നാടക സിനിമ പ്രവർത്തകൻ ഡോ:ചന്ദ്രദാസൻ പറഞ്ഞു. ചരിത്രവും സംസ്കാരവും ഉൾച്ചേർന്ന പ്രവർത്തനം രാഷ്ട്രീയത്തിനു മൂല്യവും തേജസും നൽകുന്നുവെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു.സംവിധായികമാരായ കെ.ജെ ജീവ, വിദ്യാമുകുന്ദൻ, എഫ്.എഫ്.എസ്.ഐ അംഗം ജ്യോതി നാരായണൻ, മുളവുകാട് ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് വി. എസ് അക്ബർ, ഷാജി ജോർജ് പ്രണത, ജന്മദിനാഘോഷ സ്വാഗത സംഘം ചെയർമാൻ എ.പി പ്രനിൽ, ജിഡ കൗൺസിൽ അംഗം കെ.കെ ജയരാജ്, ഫിലിം ഫെസ്റ്റിവൽ കോ ഓഡിനേറ്റർ പി.കെ സുനിൽനാഥ്, കമ്മിറ്റി അംഗം കബനി വിനോദ് എന്നിവർ പ്രസംഗിച്ചു. തുടർന്ന് ഭാരത് ഭവൻ തയ്യാറാക്കിയ 'ദാക്ഷായണി വേലായുധൻ' ഹ്രസ്വ ചിത്രവും പ്രശസ്ത സിനിമകളും പ്രദർശിപ്പിച്ചു. ഓരോ സിനിമയെക്കുറിച്ചും പ്രമുഖർ പങ്കെടുത്ത ചർച്ചകളും നടന്നു.

# എറണാകുളം മേഖലാ അവലോകന യോഗം: ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ ശിൽപ്പശാല



**കൊച്ചി:** മുഖ്യമന്ത്രിയുടെയും മന്ത്രിമാരുടെയും നേതൃത്വത്തിൽ നടക്കുന്ന മേഖലാ അവലോകന യോഗവുമായി ബന്ധപ്പെട്ട് ജില്ലാ കളക്ടർ എൻ.എസ്.കെ. ഉമേഷിന്റെ നേതൃത്വത്തിൽ വിവിധ വകുപ്പ് മേധാവികൾക്കായി ശിൽപ്പശാല സംഘടിപ്പിച്ചു. ശിൽപ്പശാലയിൽ ജില്ലയിൽ നടപ്പാക്കിയ വിവിധ പദ്ധതികളുടെ നിലവിലെ സ്ഥിതി, പരിപാലനം, പുരോഗമിക്കുന്ന പദ്ധതികൾ എന്നിവ അവലോകനം ചെയ്തു. അതി ദാരിദ്ര്യം, നവകേരള മിഷൻ ലൈഫ്, ആർദ്രം, പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞം, ഹരിത കേരള മിഷൻ, പൊതുമരാമത്ത് വകുപ്പുമായി ബന്ധപ്പെട്ട പ്രധാന പദ്ധതികൾ, മാലിന്യ മുക്ത കേരളം, ജില്ലയുമായി ബന്ധപ്പെട്ട ദേശീയ ജലപാത, പുനർഗേഹം പദ്ധതി, പൊതു വിദ്യാലയങ്ങൾ, പൊതു ജനാരോഗ്യ കേന്ദ്രങ്ങൾ, അങ്കണവാടികൾ തുടങ്ങിയ വിവിധ വിഷയങ്ങൾ ശിൽപ്പശാലയിൽ അവലോകനം ചെയ്തു. ജില്ലയിലെ വിവിധ പദ്ധതികളുമായി ബന്ധപ്പെട്ട് സർക്കാർ ഇടപെടൽ ആവശ്യമായ വിഷയങ്ങൾ കണ്ടെത്തി സമർപ്പിക്കുന്നതിന്റെ ഭാഗമായാണ് ശിൽപ്പശാല സംഘടിപ്പിച്ചത്. ഓരോ വകുപ്പുകളും തങ്ങളുടെ പദ്ധതി നിർവഹണത്തിന്റെ സ്ഥിതി സംബന്ധിച്ച് ശിൽപ്പശാലയിൽ അവതരണം നടത്തി. വിശദമായ റിപ്പോർട്ട് ഓരോ വകുപ്പ് മേധാവികളും ജൂലൈ 5 ന് മുൻപ് കളക്ടർക്ക് സമർപ്പിക്കണം. ഭരണ നേട്ടങ്ങൾ ജനങ്ങൾക്ക് കൂടുതൽ അനുഭവവേദ്യമാക്കുവാനും സമയബന്ധിതമായ പദ്ധതി നിർവഹണം ഉറപ്പാക്കുവാനും ജില്ലയിലെ പ്രശ്നങ്ങൾക്ക് പരിഹാരം കാണാനും വികസന പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നതിനുമായാണ് മേഖലാ അവലോകന യോഗം ചേരുന്നത്. എറണാകുളം, ഇടുക്കി, ആലപ്പുഴ, കോട്ടയം ജില്ലകളുടെ യോഗം സെപ്തംബർ 11 ന് എറണാകുളത്താണ് നടക്കുക. കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ സംഘടിപ്പിച്ച ശിൽപ്പശാലയിൽ ജില്ലാ വികസന കമ്മീഷണർ എം.എസ്.മാധവിക്കുട്ടി, ഫോർട്ടുകൊച്ചി സബ് കളക്ടർ പി. വിഷ്ണു രാജ്, അഡീഷണൽ ജില്ലാ മജിസ്ട്രേറ്റ് എസ്.ഷാജഹാൻ, മുവാറ്റുപുഴ ആർഡിഒ പി.എൻ. അനി, കോതമംഗലം ഡി എഫ് ഒ വരുൺ ഡാലിയ, മലയാറ്റൂർ ഡി.എഫ്.ഒ രവികുമാർ മീണ, ഡെപ്യൂട്ടി കളക്ടർമാർ, തഹസിൽദാർമാർ തുടങ്ങിയവർ പങ്കെടുത്തു.

# കൊച്ചി മെട്രോ രണ്ടാം ഘട്ടം: ജനറൽ കൺസൾട്ടന്റിനെ തെരഞ്ഞെടുത്തു



**കൊച്ചി:**കൊച്ചി മെട്രോയുടെ രണ്ടാം ഘട്ടത്തിന്റെ ജനറൽ കൺസൾട്ടന്റ് ആയി സിസ്ത്രയുടെയും സിസ്ത്ര എംവിഎ കൺസൾട്ടിംഗ് ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡിന്റെയും കൺസോർഷ്യം തെരഞ്ഞെടുക്കപ്പെട്ടു. രണ്ടാം ഘട്ടത്തിന്റെ നിർമ്മാണപ്രവർത്തനങ്ങൾക്ക് ജനറൽ കൺസൾട്ടന്റ് നിയമനം നിർണ്ണായകമാണ്. പൊതുഗതാഗത മേഖലയിലെ അതിസ്ഥാന സൗകര്യ വികസന രംഗത്തെ പ്രഗത്ഭരാണ് സിസ്ത്രയും സിസ്ത്ര എംവിഎ കൺസൾട്ടിംഗ് ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡും. റെയിൽ, ഹൈ സ്പീഡ് റെയിൽ, മെട്രോ, ലൈറ്റ് മെട്രോ എന്നീ മേഖലകളിൽ ഇവർ പ്രവർത്തിച്ചുവരുന്നു. ജനറൽ കൺസൾട്ടന്റ് ആയ സിസ്ത്രയുടെയും സിസ്ത്ര എംവിഎ കൺസൾട്ടിംഗ് ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡിന്റെയും കൺസോർഷ്യം ആകും കൊച്ചി മെട്രോയുടെ രണ്ടാം ഘട്ടത്തിലെ നിർമ്മാണ പ്രവർത്തനങ്ങളുടെ മേൽനോട്ടച്ചുമതല വഹിക്കുക. ഡിസൈൻ കൺസൾട്ടന്റും കോൺട്രാക്ടർമാരും സമർപ്പിക്കുന്ന പ്രൊപ്പോസലുകൾ വിലയിരുത്തുന്നതും ജനറൽ കൺസൾട്ടന്റ് ആണ്. നിർമ്മാണ പ്രവർത്തനങ്ങൾ കൃത്യമായി പുരോഗമിക്കുന്നുവെന്ന് ഉറപ്പാക്കേണ്ടതും ജനറൽ കൺസൾട്ടന്റിന്റെ ചുമതലയാണ്. ഗുണമേന്മയും സുരക്ഷാ മാനദണ്ഡങ്ങളും പാലിച്ചാണ് നിർമ്മാണങ്ങൾ നടക്കുന്നതെന്ന് ഉറപ്പാക്കേണ്ടതും ഇവരാണ്. ജെഎൽഎൻ സ്റ്റേഡിയം മെട്രോ സ്റ്റേഷൻ മുതൽ ഇൻഫോപാർക്ക് വരെ 11.2 കിലോമീറ്ററാണ് കൊച്ചി മെട്രോ രണ്ടാം ഘട്ടമായി നിശ്ചയിച്ചിരിക്കുന്നത്. കൊച്ചി മെട്രോയുടെ രണ്ടാം ഘട്ടത്തിന്റെ സിവിൽ വർക്കുകൾ ഓണത്തിന് മുൻപായി തുടങ്ങാനാണ് പദ്ധതിയിടുന്നതെന്ന് കെഎംആർഎൽ മാനേജിംഗ് ഡയറക്ടർ ലോക്നാഥ് ബെഹ്റ അറിയിച്ചു.

# മുത്തൂറ്റ് മൈക്രോഫിൻ ഐപിഒയ്ക്ക്

**കൊച്ചി:** മൈക്രോ ഫിനാൻസ് സ്ഥാപനമായ മുത്തൂറ്റ് മൈക്രോഫിൻ ലിമിറ്റഡ് പ്രാഥമിക ഓഹരി വിൽപനയ്ക്ക് (ഐപിഒ) അനുമതി തേടി സെബിയ്ക്ക് കരടു രേഖ (ഡിആർഎച്ച്പി) സമർപ്പിച്ചു. 10 രൂപ മുഖവിലയുള്ള ഇക്വിറ്റി ഓഹരികളുടെ ഐപിഒയിലൂടെ 1350 കോടി രൂപ സമാഹരിക്കാനാണ് കമ്പനി ലക്ഷ്യമിട്ടിരിക്കുന്നത്.950 കോടി രൂപയുടെ പുതിയ ഇക്വിറ്റി ഓഹരികളും നിലവിലുള്ള നിക്ഷേപകരുടെ 400 കോടി രൂപയുടെ ഇക്വിറ്റി ഓഹരികളുടെ ഓഫർ ഫോർ സെയിലുമാണ് ഐപിഒയിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് മുത്തൂറ്റ് മൈക്രോഫിൻ ലിമിറ്റഡ് അധികൃതർ അറിയിച്ചു.2022 ഡിസംബർ 31ലെ മൊത്ത വായ്പാ പോർട്ട്ഫോളിയോയുടെ കാര്യത്തിൽ ഇന്ത്യയിലെ നാലാമത്തെ വലിയ എൻബിഎഫ്സിഎംഎഫ്ഐ ആണ് മുത്തൂറ്റ് മൈക്രോഫിൻ ലിമിറ്റഡ് (ക്രിസിൽ റിപ്പോർട്ട് പ്രകാരം) കൂടാതെ മൊത്ത വായ്പാ പോർട്ട്ഫോളിയോയുടെ കാര്യത്തിൽ ദക്ഷിണേന്ത്യയിലെ എൻബിഎഫ്സിഎംഎഫ്ഐകളിൽ മൂന്നാമത്തെ വലിയ സ്ഥാപനമാണ്. എംഎഫ്ഐ വിപണി വിഹിതത്തിന്റെ കാര്യത്തിൽ കേരളത്തിലെ ഏറ്റവും വലുതും, 2022 ഡിസംബർ 31ലെ കണക്കനുസരിച്ച് ഏകദേശം 16 ശതമാനം വിപണി വിഹിതവുമായി തമിഴ്നാട്ടിൽ പ്രധാന സാന്നിധ്യം ഉണ്ട് (ക്രിസിൽ റിപ്പോർട്ട് പ്രകാരം).ഐസിഐസിഐ സെക്യൂരിറ്റീസ് ലിമിറ്റഡ്, ആക്സിസ് ക്യാപിറ്റൽ ലിമിറ്റഡ്, ജെഎം ഫിനാൻഷ്യൽ ലിമിറ്റഡ്, എസ്ബിഐ ക്യാപിറ്റൽ മാർക്കറ്റ്സ് ലിമിറ്റഡ് എന്നിവരാണ് ഇഷ്യുവിന്റെ ബുക്ക് റണ്ണിംഗ് ലീഡ് മാനേജർമാർ.

# ഹോണ്ട എലിവേറ്റ് ബുക്കിംഗ് ആരംഭിച്ചു

**ന്യൂഡൽഹി:** ഇന്ത്യയിലെ പ്രമുഖ പ്രീമിയം കാർ നിർമ്മാതാക്കളായ ഹോ കാർസ് ഇന്ത്യാ ലിമിറ്റഡ് (എച്ച് സി ഐ എൽ) തങ്ങളുടെ ഏറെക്കാലമായി കാത്തിരിക്കുന്ന ഇടത്തരം എസ് യു വി ആയ ഹോ എലിവേറ്റിന്റെ പുറത്തിറക്കലിനു മുൻപുള്ള ബുക്കിങ് ഇന്ന് ആരംഭിച്ചു. ഇന്ത്യയിലുടനീളമുള്ള അംഗീകൃത ഹോ ഡീലർമാരിലൂടേയും കമ്പനിയുടെ ഓൺലൈൻ വിൽപ്പന പ്ലാറ്റ്ഫോമായ 'ഹോ ഫ്രം ഹോമിലൂടേയും' ഉപഭോക്താക്കൾക്ക് ഹോ എലിവേറ്റ് ബുക്ക് ചെയ്യാമെന്ന് ഹോ കാർസ് ഇന്ത്യാ ലിമിറ്റഡിന്റെ മാർക്കറ്റിങ് ആന്റ് സെയിത്സ് ഡയറക്ടറായ ശ്രീ യൂച്ചി മുറാട്ട പറഞ്ഞു.ഈ വർഷത്തെ ഉത്സവ സീസണിൽ എലിവേറ്റ് പുറത്തിറക്കുന്ന ആദ്യ വിപണിയായിരിക്കും ഇന്ത്യ.2023 ജൂണിൽ ആഗോള തലത്തിൽ പ്രഖ്യാപിച്ചതിനു ശേഷം അഭൂതപൂർവ്വമായ പ്രതികരണമാണ് ഹോ എലിവേറ്റിന് ലഭിച്ചത്. അതിശക്തമാം വിധം പ്രതീക്ഷിക്കപ്പെട്ടു കൊിരിക്കുന്ന ഈ മോഡലിന്റെ പുറത്തിറക്കലിനു മുൻപുള്ള ബുക്കിങ് ആരംഭിക്കുന്നതിൽ തങ്ങൾ ആവേശഭരിതരാണെന്നും അദ്ദേഹം പറഞ്ഞു. 2023 സെപ്റ്റംബർ മുതലാണ് ഇതിന്റെ വിൽപ്പന ആരംഭിക്കുക. ആഴത്തിലുള്ള ഗവേഷണങ്ങളിലൂടേയും ഉപഭോക്താക്കളിൽ നിന്നുള്ള വ്യാപകമായ പ്രതികരണങ്ങളിലൂടേയും ഞങ്ങൾ ലക്ഷ്യമിടുന്ന ഗണത്തിൽപ്പെടുന്ന ഉപഭോക്താക്കളുടെ ആവശ്യങ്ങളും ആഗ്രഹങ്ങളും സഫലീകരിക്കുന്ന രീതിയിലാണ് തങ്ങൾ ഈ കാർ രൂപകൽപ്പന ചെയ്തിരിക്കുന്നത്. ഈ വിപണിയിൽ പുതിയ മോഡലായ എലിവേറ്റിന് വമ്പൻ വിജയമായിരിക്കും ഉാവുക എന്ന് തങ്ങൾക്ക് ഉറപ്പുണ്ടെന്നും അദ്ദേഹം പറഞ്ഞു.

# ഡോക്ടേഴ്സ് ദിനം ആഘോഷിച്ചു



**കൊച്ചി:**വിപിഎസ് ലേക്ഷോറിൽ ഡോക്ടേഴ്സ് ദിനം ആഘോഷിച്ചു. മാനേജിങ് ഡയറക്ടർ എസ് കെ അബ്ദുള്ള, ഡയറക്ടർ ഓഫ് മെഡിക്കൽ സർവീസസ് ഡോ. എച്ച് രമേഷ്, അനസ്തേഷ്യ ആൻഡ് ക്രിട്ടിക്കൽ കെയർ ഡയറക്ടർ ഡോ. മോഹൻ മാത്യു എന്നിവർ ചേർന്ന് കേക്ക് മുറിച്ചു ഡോക്ടേഴ്സ് ഡേ ആഘോഷത്തിന് തുടക്കം കുറിച്ചു. ലേക്ഷോറിൽ 20 വർഷവും അതിലേറെയും സേവനമനുഷ്ഠിച്ച 18 ഡോക്ടർമാരെ ചടങ്ങിൽ ആദരിച്ചു. വിപുലമായ ആഘോഷത്തിന്റെ ഭാഗമായി ഡോക്ടർമാർ കലാപരിപാടികൾ അവതരിപ്പിച്ചു.

# ആരോഗ്യ ജീവിതശൈലിപങ്കുവച്ച് നടി പ്രണിത സുഭാഷ്

**കൊച്ചി:** തന്റെ ആരോഗ്യകരമായ ജീവിതശൈലി ആരാധകർക്കായി പങ്കുവച്ച് നടി പ്രണിത സുഭാഷ്. ഏതെങ്കിലും ഒരു ഭക്ഷണക്രമം കൊ് പരമാവധി ശാരീരിക പ്രവർത്തനങ്ങൾക്ക് ആവശ്യമായ എല്ലാ പോഷക ഘടകങ്ങളും ലഭിക്കില്ലെന്നും, അതിനാൽ ആരോഗ്യവും കരുത്തും നിലനിർത്തുവാൻ നമ്മുടെ ഭക്ഷണക്രമങ്ങളിൽ ശുദ്ധവും പോഷക സമ്പന്നവുമായ ഭക്ഷണങ്ങളുടെ വിശാലമായ ഒരു ശ്രേണി ഉൾപ്പെടുത്തേുന്നും പ്രണിത സുഭാഷ് പറഞ്ഞു. എന്നും രാവിലെ ഒരു പിടി ബദാമുകൾ ഞാൻ കഴിക്കാറു്. അത് സംതൃപ്തി തരുന്ന, വ്യായാമം ചെയ്യുന്നതിനു മുൻപും ശേഷവും കഴിക്കാവുന്ന മികച്ച ഒരു ലഘു ഭക്ഷണവുമാണെന്നും അവർ പറഞ്ഞു. കൂടുതൽ ഇലക്കറികൾ കഴിക്കുകയാണ് മറ്റൊരു ആരോഗ്യകരമായ രീതി. പച്ച നിറമുള്ള ഇലക്കറികളിൽ കലോറികൾ കുറവായിരിക്കും. അതിനാൽ ശരീരഭാരം അധികം വർധിക്കില്ല. പുഴുങ്ങിയോ വഴറ്റിയോ അല്ലെങ്കിൽ പ്രോട്ടീനുകളുമായി കലർത്തിയോ അവ കഴിക്കാം. നല്ല പച്ച നിറമുള്ള വാടാത്ത ഇലകൾ വേണം തിരഞ്ഞെടുക്കുവാൻ. അവയിലാണ് പരമാവധി രുചിയും പോഷക ഘടകങ്ങളും ഉാവുക. ദീർഘകാലം ആരോഗ്യം കാത്ത് സൂക്ഷിക്കുവാൻ പഞ്ചസാര ചേർത്ത് മധുരം നൽകിയ ഭക്ഷണങ്ങളും പാനീയങ്ങളും പരിമിതപ്പെടുത്തേ് പ്രധാനമാണെന്നും പ്രണിത പറഞ്ഞു. തൈരുകൊള്ള സ്മൂത്തികൾ, പഴവർഗങ്ങൾ, പച്ചക്കറികൾ എന്നിങ്ങനെയുള്ള ഭക്ഷണങ്ങളിൽ പഞ്ചസാര കുറവായതിനാൽ അവ തിരഞ്ഞെടുക്കാം. കൂടുതൽ പഞ്ചസാര കഴിക്കുന്നത് ടൈപ്പ് 2 പ്രമേഹം, ഹൃദ്രോഗം എന്നിങ്ങനെയുള്ള അപകട സാധ്യതകൾ വർധിപ്പിക്കുമെന്നും അവർ ആരോഗ്യസന്ദേശത്തിലൂടെ അറിയിച്ചു.

# 99 രൂപക്ക് സ്നാക്കറുകൾ; മികച്ച ഓഫറുമായി കെ.എഫ്.സി




**തിരുവനന്തപുരം:** കുറഞ്ഞ ചിലവിൽ പുത്തൻ ഓഫറുമായി കെ.എഫ്.സി. ജനപ്രിയ സ്നാക്കറുകളായ ചിക്കൻ ലോങ്ങർ, വെജ് ലോങ്ങർ, ക്ലാസിക് ചിക്കൻ റോൾ, റെഗുലർ ചിക്കൻ പോപ്കോൺ, ക്രഷേഴ്സ്, ചോക്കോ ലാവ, ഫ്രൈസ് വിത്ത് പെപ്സി എന്നിവ 99 രൂപക്കാണ് ഉപഭോക്താക്കളിലേക്ക് എത്തിക്കുന്നത്. കുറഞ്ഞ ചിലവിൽ മികച്ച ഭക്ഷണം നൽകുക എന്ന ലക്ഷ്യത്തോടെയാണ് ഓഫർ ആവിഷ്കരിച്ചിട്ടുള്ളതെന്ന് കമ്പനി അധികൃതർ വ്യക്തമാക്കി.കെ.എഫ്.സിയുടെ മറ്റ് ഉൽപ്പന്നങ്ങളെ പോലെ സാനിറ്റൈസേഷൻ, സ്ക്രീനിംഗ്, സോഷ്യൽ ഡിസ്റ്റൻസിംഗ്, വാക്സിനേറ്റ് ചെയ്ത ടീമുകൾക്കൊപ്പം കോൺടാക്റ്റ്ലെസ്സ് സേവനം എന്നിവ ഉറപ്പുവരുത്തിയാണ് ഇവയും തയ്യാറാക്കുന്നത്.

# 'എക്സ്പ്രസ് എഹെഡ്' സേവനങ്ങളുമായി എയർ ഇന്ത്യ എക്സ്പ്രസ്

**കൊച്ചി:** കേരളത്തിൽ നിന്ന് ഗൾഫ് രാജ്യങ്ങളിലേക്ക് ഏറ്റവും കൂടുതൽ സർവീസുകൾ നടത്തുന്ന എയർലൈനായ എയർ ഇന്ത്യ എക്സ്പ്രസ് യാത്രക്കാർക്കായി 'എക്സ്പ്രസ് എഹെഡ്'എന്ന പേരിലുള്ള മുൻഗണനാ സേവനങ്ങൾ തുടങ്ങുന്നു. ഇനി മുതൽ ചെറിയ തുക അടക്കുന്നവർക്ക് ചെക്ക്ഇൻ കൗണ്ടറിന് മുൻപിലെ ക്യൂ നിൽക്കലും ബാഗേജിനായുള്ള കാത്ത്നിൽപും ഒഴിവാക്കാമെന്ന് എയർ ഇന്ത്യ എക്സ്പ്രസ് അധികൃതർ വ്യക്തമാക്കി.ചെക്ക്ഇൻ മുതൽ ലാൻഡിംഗ് വരെ തടസ്സങ്ങളില്ലാത്ത യാത്ര ഉറപ്പാക്കുന്ന സമഗ്രമായ മുൻഗണനാ സേവനങ്ങളും ആനുകൂല്യങ്ങളും അടങ്ങുന്നതാണ് 'എക്സ്പ്രസ് എഹെഡ്'. 'എക്സ്പ്രസ് എഹെഡ്' യാത്രക്കാർക്കായി വിമാനത്താവളങ്ങളിൽ പ്രത്യേക ചെക്ക്ഇൻ കൗണ്ടറുകളുണ്ടാകും. അവർക്ക് ബോർഡിംഗിലും അവരുടെ ബാഗേജുകൾ കൈകാര്യം ചെയ്യുന്നതിലും മുൻഗണന ലഭിക്കും. കൂടാതെ ലക്ഷ്യസ്ഥാനത്ത് എത്തിച്ചേരുമ്പോൾ അവരുടെ ബാഗേജുകൾ ആദ്യം ലഭിക്കുകയും ചെയ്യും.എയർ ഇന്ത്യ എക്സ്പ്രസിൻറെ അന്താരാഷ്ട്ര വിമാന സർവീസുകളിൽ യാത്ര ചെയ്യുന്നവർക്ക് ഇന്ത്യൻ വിമാനത്താവളങ്ങളിൽ നിന്ന് 'എക്സ്പ്രസ് എഹെഡ്' സേവനങ്ങൾ വാങ്ങാൻ കഴിയും. കൗണ്ടർ അടയ്ക്കുന്ന സമയം വരെ എയർപോർട്ട് ചെക്ക്ഇൻ കൗണ്ടറിൽ നിന്ന് 'എക്സ്പ്രസ് എഹെഡ്'സേവനങ്ങൾ വാങ്ങാനാകും. അന്താരാഷ്ട്ര ഫ്ലൈറ്റുകളിൽ 'എക്സ്പ്രസ് എഹെഡ്' ഓൺലൈനായി മുൻകൂട്ടി ബുക്ക് ചെയ്യാനുള്ള സൗകര്യം എയർ ഇന്ത്യ എക്സ്പ്രസ് ഉടൻ ലഭ്യമാക്കും.ആഭ്യന്തര യാത്രയ്ക്കായി, എയർ ഇന്ത്യ ഗ്രൂപ്പ് എയർലൈനായ എയർ ഏഷ്യ ഇന്ത്യയിൽ യാത്ര ചെയ്യുന്ന അതിഥികൾക്ക് മൊബൈൽ അപ്ലിക്കേഷനിലോ ഏകീകൃത എയർലൈൻ വെബ്സൈറ്റായ മശ്യശിര ശമലഃഴ്യലെ.രീ ലോ 'എക്സ്പ്രസ് എഹെഡ്' സേവനങ്ങൾ മുൻകൂട്ടി ബുക്ക് ചെയ്യാനാകും. കൂടാതെ എല്ലാ ആഭ്യന്തര വിമാനത്താവളങ്ങളിലും 'എക്സ്പ്രസ് എഹെഡ്' സേവനങ്ങൾ മുൻകൂട്ടി ബുക്ക് ചെയ്യാനുള്ള സൗകര്യമുണ്ട്.'ഗൊർമേർ' ബ്രാൻഡിന് കീഴിൽ നവീകരിച്ച ഇൻഫ്ലൈറ്റ് ഡൈനിംഗ് മെനു ആരംഭിക്കുന്നതായി പ്രഖ്യാപിച്ച് ഒരാഴ്ചയ്ക്ക് ശേഷമാണ് എയർലൈൻ 'എക്സ്പ്രസ് എഹെഡ്' സേവനങ്ങൾ അവതരിപ്പിക്കുന്നത്. ആഭ്യന്തരവും അന്തർദേശീയവുമായ അതിഥികൾക്കായി ചൂടുള്ള ഭക്ഷണം, ലൈറ്റ് ബൈറ്റ്സ്, സീസണൽ പഴങ്ങൾ, ഫ്യൂഷൻ ഡെസേർട്ട് തുടങ്ങി വൈവിധ്യമാർന്ന വിഭവങ്ങളാണ് 'ഗൊർമേർ' ഇൻഫ്ലൈറ്റ് ഡൈനിംഗ് മെനു വാഗ്ദാനം ചെയ്യുന്നത്.



## വായനാദിന മത്സരങ്ങൾ

**കൊച്ചി :** ദേശീയ വായന മാസാചരണത്തോടനുബന്ധിച്ച് പി. എൻ. പണിക്കർ വിജ്ഞാൻ വികാസ് കേന്ദ്ര,പി.എൻ. പണിക്കർ ഫൗണ്ടേഷൻ, പൊതു വിദ്യാഭ്യാസ വകുപ്പ്, ജില്ല ഇൻഫർമേഷൻ& പബ്ലിക് റിലേഷൻ വകുപ്പ്, ചാവറ കൾച്ചറൽ സെന്റർ, എന്നിവയുടെ സംയുക്താഭിമുഖ്യത്തിൽ എറണാകുളം ജില്ലയിലെ ഹൈസ്കൂൾ വിദ്യാർത്ഥികൾക്കായി ക്വിസ്മത്സരവും, എൽ. പി. വിദ്യാർഥികൾക്കായി ചിത്രരചന (കളർ) മത്സരവും നടത്തുന്നു. ഒരു സ്കൂളിൽ നിന്ന് ഓരോ മത്സരത്തിനും രണ്ടുപേർക്ക് വീതം പങ്കെടുക്കാം.പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ ഫോണിലൂടെയോ ഇമെയിൽ മുഖേനെയോ ജൂലൈ 6 ന് മുൻപായി പേര് രജിസ്റ്റർ ചെയ്യണം. ജൂലൈ 8 ന് രാവിലെ 9.30 ന് എറണാകുളം സൗത്തിലുള്ള ചാവറ കൾച്ചറൽ സെന്ററിൽ വെച്ചാണ് മത്സരങ്ങൾ നടത്തുന്നത്. ക്വിസ് മത്സരവിജയികൾക്ക് സംസ്ഥാനതലമത്സരത്തിൽ പങ്കെടുക്കാം. ക്വിസ് മത്സരത്തിൽ ജില്ലാതല വിജയിക്ക് ക്യാഷ് പ്രൈസും, പുസ്തകങ്ങളും സർട്ടിഫിക്കറ്റും ലഭിക്കും. സംസ്ഥാനതലത്തിൽ പതിനയ്യായിരം രൂപയും പുസ്തകങ്ങളും സർട്ടിഫിക്കറ്റുമാണ് സമ്മാനം. പങ്കെടുക്കുന്നവർ സ്കൂൾ ഐഡന്റിറ്റി കാർഡിന്റെ കോപ്പിയോ അല്ലെങ്കിൽ സ്കൂൾ അധികൃതർ നൽകുന്ന സാക്ഷ്യപത്രമോ ഹാജരാക്കണമെന്ന് ചാവറ കൾച്ചറൽ സെന്റർ ഡയറക്ടർ ഫാ. അനിൽ ഫിലിപ്പ്, പി.എം. പണിക്കർ ഫൗണ്ടേഷൻ ജില്ലാകോഡിനേറ്റർ ഹരീഷ് നമ്പൂതിരിപ്പാട് എന്നിവർ അറിയിച്ചു.കൂടുതൽ വിവരങ്ങൾക്ക് : 94000 68686,75588 37176 ഈ നമ്പറിൽ ബന്ധപ്പെടുക.
E-mail:chavarakochi@gmail.com

# സോണി ഇന്ത്യ ബിഇസഡ്50എൽ സീരീസ് അവതരിപ്പിച്ചു



**കൊച്ചി:** സോണി ഇന്ത്യ, 4കെ എച്ച്ഡിആർ പ്രൊഫഷണൽ ബ്രാവിയ ഡിസ്പ്ലേയും, എക്സ്ആർ പ്രൊസസറും ഉൾപ്പെടുന്ന ബിഇസഡ്50എൽ സീരീസിന്റെ വിൽപന പ്രഖ്യാപിച്ചു. മികച്ച ഇമേജ് നിലവാരം, വിശാലമായ വ്യൂവിങ് ആംഗിൾ, പ്രൊഫഷണൽ ഫീച്ചറുകൾ, എസ്ഒസി പ്ലാറ്റ്ഫോം എന്നിങ്ങനെ പ്രോ ബ്രാവിയ ഉപയോക്താക്കളുടെ ഇഷ്ട സവിശേഷതകൾ സംയോജിപ്പിച്ചുകൊണ്ടാണ് പുതിയ ടെലിവിഷൻ സീരീസ് എത്തുന്നതെന്ന് സോണി ഇന്ത്യ അധികൃതർ അറിയിച്ചു.സോണിയുടെ പ്രൊഫഷണൽ ബ്രാവിയ ബിഇസഡ്40ജെ സീരീസുമായി താരതമ്യപ്പെടുത്തുമ്പോൾ 98 ഇഞ്ച് ഡിസ്പ്ലേയാണ് ബിഇസഡ്50എൽ സീരീസിന്. ഭാരത്തിൽ ഏകദേശം 22 ശതമാനവും, വീതിയിൽ 28 ശതമാനവും കുറവ് വരുത്തിയിട്ടുണ്ട്. കൂടുതൽ പോർട്ടബിൾ ആക്കാനും ഇൻസ്റ്റലേഷൻ ഫ്രണ്ട്ലി ആക്കാനും സഹായിക്കുന്നതിന്, ഡിസ്പ്ലേയുടെ താഴെയായി എർഗണോമിക് ഹൊരിസോണ്ടൽ ഹാൻഡിലുകൾ ഉൾപ്പെടുത്തിയിട്ടുണ്ട്. മുകളിൽ വെർട്ടിക്കൽ ഹാൻഡിലുകളുമുണ്ട്. 32ജിബിയുടെ അധിക ഇന്റേണൽ സ്റ്റോറേജാണ് മറ്റൊരു പ്രധാന സവിശേഷത. 2023 ജൂലൈ 20 മുതൽ ഇന്ത്യയിലെ സോണി അംഗീകൃത വിതരണക്കാർ വഴി എഫ്ഡബ്ല്യു98ബിഇസഡ്50എൽ മോഡൽ ലഭ്യമാകും. 20,00,000 രൂപയാണ് വിലയെന്നും സോണി ഇന്ത്യ അധികൃതർ വ്യക്തമാക്കി.


